2023
MARCH
20
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

സൊസൈറ്റി ടുഡേ

GODUGO

യുഎസിൽ മൂന്നാമത്തെ ബാങ്ക് കൂടി തകർച്ചാ ഭീഷണിയിൽ

ന്യൂയോർക്ക്: അമേരിക്കയിലെ സിലിക്കൺ വാലി, സിഗ്നേച്ചർ ബാങ്കുകളുടെ തകർച്ചയ്ക്കു പിന്നാലെ മറ്റൊരു ബാങ്കു കൂടി തകർച്ചയുടെ വക്കിൽ. സാൻഫ്രാൻസിസ്കോ ആസ്ഥാനമായ ഫസ്റ്റ് റിപ്പബ്ലിക് ബാങ്കാണ് സാമ്പത്തിക പ്രതിസന്ധിയിലായത്. ബാങ്കിനെ കരകയറ്റാൻ അമേരിക്കയിലെ 11 വൻകിട ബാങ്കുകളുടെ കൂട്ടായ്മ 3000 കോടി ഡോളറിന്റെ രക്ഷാ പാക്കേജ് പ്രഖ്യാപിച്ചു. ഒരാഴ്ച്ചക്കിടെ തകരുന്ന മൂന്നാമത്തെ ബാങ്കാണിത്.

സിലിക്കൺ വാലി, സിഗ്നേച്ചർ ബാങ്കുകൾക്കുള്ളതുപോലെ ടെക്നോളജി സ്റ്റാർട്ടപ്പുകൾക്ക് അക്കൗണ്ടുള്ള ബാങ്കാണ് ഫസ്റ്റ് റിപ്പബ്ലിക് . ഇന്നലെ മണിക്കൂറുകൾക്കുള്ളിൽ 4000 കോടി ഡോളറാണ് നിക്ഷേപകർ പിൻവലിച്ചത്. ഡിസംബറിലെ കണക്കു പ്രകാരം 17640 കോടി ഡോളറിന്റെ നിക്ഷേപമാണ് ബാങ്കിലുള്ളത്.

മറ്റ് 2 ബാങ്കുകൾക്കും സംഭവിച്ചതു പോലെ ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്ത നിക്ഷേപമാണ് പിൻവലിച്ചതിൽ ഏറെയും. 2,50,000 ഡോളർ വരെ നിക്ഷേപത്തിനാണ് ഫെഡറൽ ഡിപ്പോസിറ്റ് ഇൻഷുറൻസ് കോർപറേഷൻ ഇൻഷുറൻസ് നൽകുന്നത്.

തിങ്കളാഴ്ച്ച ബാങ്കിന്റെ ഓഹരി വില 60 ശതമാനം ഇടിഞ്ഞിരുന്നു. ജെപി മോർഗൻ, ഫെഡറൽ റിസർവ് എന്നിവിടങ്ങളിൽ നിന്ന് 7000 കോടി ഡോളറിന്റെ അടിയന്തര വായ്പാ സഹായം ലഭിച്ചിട്ടുണ്ട് . 2008ൽ പിടികൂടിയ സാമ്പത്തിക മാന്ദ്യത്തിൽ പ്രതിസന്ധിയിലായ ബാങ്കുകളെ രക്ഷിക്കാൻ വൻ രക്ഷാ പാക്കേജുകളാണ് വൻകിട ബാങ്കുകൾ പ്രഖ്യാപിച്ചത്. ഇത് ചില ബാങ്കുകളുടെ ഏറ്റെടുക്കലിൽ വരെ എത്തി. ഇതിനെ ഓർമിപ്പിക്കുന്ന തരത്തിലാണ് സംഭവവികാസങ്ങൾ.

സഹകരണ സൊസൈറ്റി ബിൽ ഭേദഗതികൾക്ക് അംഗീകാരം

ന്യൂഡൽഹി: സംസ്ഥാനാന്തര സഹകരണ സൊസൈറ്റി ബില്ലിലെ ഭേദഗതികളെല്ലാം അംഗീകരിച്ച്, ബിൽ പഠിച്ച പാർലമെന്ററി കാര്യസമിതിയുടെ റിപ്പോർട്ട്. റിസർവ് ബാങ്ക് അടക്കം ഉന്നയിച്ച സംശയങ്ങൾക്ക് സഹകരണ മന്ത്രാലയം നൽകിയ വിശദീകരണങ്ങൾ തൃപ്തികരമാണെന്ന് ചന്ദ്രപ്രകാശ് ജോഷി അധ്യക്ഷനായ സമിതി പാർലമെന്റിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞു.

ബില്ലിലെ ചില വ്യവസ്ഥകൾ ബാങ്കിങ് നിയന്ത്രണ നിയമത്തിന് എത്ര ശങ്കയ്ക്ക് അടിസ്ഥാനമില്ലെന്നും ബാങ്കിങ് നിയന്ത്രണ നിയമത്തിന്റെ വ്യവസ്ഥകൾ ബാങ്കിങ് നടപടികളിലേർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്കു ബാധകമായിരിക്കുമെന്നും വിശദീകരണം നൽകി.

എച്ച്ഐഎൽ അടച്ചുപൂട്ടാൻ തീരുമാനം

ന്യൂഡൽഹി: ആലുവ ഉദ്യോഗമണ്ഡലിലെ ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ഫാക്ടറി (എച്ച്ഐഎൽ) അടച്ചുപൂട്ടാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതായി കേന്ദ്ര സഹമന്ത്രി ഭഗവന്ത് ഖുബ ലോക്സഭയിൽ കൊടിക്കുന്നിൽ സുരേഷ് എംപിയെ അറിയിച്ചു. ഡിഡിടി കീടനാശിനി ഉൽപാദിപ്പിച്ചിരുന്ന ഫാക്ടറിയിൽ ഉൽപാദനം പടിപടിയായി കുറയ്ക്കുകയും പിന്നീട് നിർത്തുകയും ചെയ്തുവെന്ന് മന്ത്രി പറഞ്ഞു.

ഉൽപാദനച്ചെലവ് വർധിച്ച സാഹചര്യത്തിലാണ് അടച്ചുപൂട്ടാനുള്ള തീരുമാനം. ഫാക്ടറിയിലെ തൊഴിലാളികളെ മറ്റു ഫാക്ടറികളിലേക്കു നിയമിക്കുന്നതു കേന്ദ്രത്തിന്റെ പരിഗണനയിലില്ല. കേരളത്തിലും പഞ്ചാബിലും അടച്ചുപൂട്ടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സ്വയം വിരമിക്കൽ പദ്ധതിക്ക് (വിആർഎസ്) ആവശ്യമായ പണം കേന്ദ്രത്തോട് വളം മന്ത്രാലയം ആവശ്യപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ ബാങ്കുകൾ സുരക്ഷിതം

കൊച്ചി: കോവിഡ് കാലത്ത് റിസർവ് ബാങ്ക് നിർദേശം അനുസരിച്ച് അധിക മൂലധന സമാഹരണം നടത്തിയ ഇന്ത്യൻ ബാങ്കുകൾ സുരക്ഷിതമായ നിലയിലാണെന്ന് ആർബിഐ ഗവർണർ ശക്തികാന്ത ദാസ്. ഭാവിയിലെ ഏത് പ്രതിസന്ധിക്കും തടയിടാനാണ് കൂടുതൽ മൂലധനം സ്വരൂപിച്ചത്. കർശന മുൻകരുതൽ നടപടികൾ ഇന്ത്യൻ ബാങ്കിങ് മേഖലയ്ക്കാകെ സ്ഥിരത നൽകിയെന്നും ഗവർണർ പറഞ്ഞു.

ഫെഡറൽ ബാങ്ക് സ്ഥാപകൻ കെ.പി.ഹോർമിസ് സ്മാരക പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. അമേരിക്കയിലെ ബാങ്കുകൾക്കു തകർച്ച നേരിട്ടത് കാര്യമായ മൂലധനം ഇല്ലാതിരുന്നതിനാലാണ്. നിക്ഷേപം പെട്ടെന്നു വർധിക്കുകയും വായ്പകൾ അതനുസരിച്ചു വർധിക്കാത്ത അവസ്ഥയിൽ അധിക നിക്ഷേപം പലിശ കുറഞ്ഞ ബോണ്ടുകളിൽ നിക്ഷേപിക്കുകയും ചെയ്തതു തിരിച്ചടിയായി. എന്നാൽ ഇന്ത്യൻ ബാങ്കുകൾക്ക് അത്തരമൊരു സ്ഥിതിയില്ല. അതിനു കാരണം റിസർവ് ബാങ്ക് അപകട സാധ്യതകൾ മുൻകൂട്ടി കണ്ട് നടപടി സ്വീകരിക്കുന്നു. ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾക്കും ഇത്തരം നടപടികൾ ബാധകമാണ്.

ഇന്ത്യ ഇന്ന് ലോകത്തു തന്നെ ഏറ്റവും വേഗം വളരുന്ന സമ്പദ് വ്യവസ്ഥയാണ്. അതേ സമയം നമ്മുടെ ആകെ വിദേശ കടം മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് കൈകാര്യം ചെയ്യാവുന്ന പരിധിക്കുള്ളിലാണ്. വിദേശനാണ്യ കരുതൽ ശേഖരത്തിൽ ഇന്ത്യയ്ക്ക് ലോകത്തു അഞ്ചാം സ്ഥാനമുണ്ട്.

ഇന്ത്യ നേതൃത്വം നൽകുന്ന ജി20 രാജ്യങ്ങളിലെ ആകെ ജിഡിപി ആഗോള ജിഡിപിയുടെ 85 ശതമാനവും അവരുടെ വാണിജ്യം ആഗോള വാണിജ്യത്തിന്റെ 75 ശതമാനവുമാണ്. എന്നാൽ എല്ലാ രാജ്യങ്ങളും വിലക്കയറ്റ പ്രശ്നം നേരിടുകയാണ്. പക്ഷേ ഇനി പാശ്ചാത്യ ലോകത്ത് മാന്ദ്യം വന്നാലും അത് ഹ്രസ്വകാലത്തേക്ക് നേരിയ തോതിലായിരിക്കുമെന്ന് ഗവർണർ വിലയിരുത്തി. നിലവിൽ സുസ്ഥിരമാണെങ്കിലും എല്ലാ ബാങ്കുകളും അപകട സാധ്യതകൾ മുൻകൂട്ടി കണ്ട് നടപടികൾ സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഭാവി വെല്ലുവിളികൾ നേരിടാൻ റിസ്ക് മാനേജ്മെന്റ് അത്യാവശ്യമാണ്. ഫെഡറൽ ബാങ്ക് ചെയർമാൻ സി.ബാലഗോപാൽ, എംഡിയും സിഇഒയുമായ ശ്യാം ശ്രീനിവാസൻ എന്നിവർ പ്രസംഗിച്ചു.

ദി ഐ ഫൗണ്ടേഷൻ
കണ്ണാശുപത്രി | ഇടപ്പള്ളി, കൊച്ചി
5th year ANNIVERSARY CELEBRATION
നന്ദി കൊച്ചി!
ഞങ്ങളിൽ അർപ്പിച്ച വിശ്വാസത്തിനും പിന്തുണക്കും...
സമ്പൂർണ നേത്ര പരിശോധന
തികച്ചും സൗജന്യം
15th MARCH '23 വരെ
CALL NOW
80861 99913
Our Services
Laser Cataract Surgery | Bladeless Lasik | Cornea
Contoura Lasik | Glaucoma | Retina | Pediatric
THE EYE FOUNDATION
SUPER SPECIALITY EYE HOSPITALS
Tamil Nadu | Karnataka | Kerala
Next to Changampuzha Park Metro Station, Edappally, Kochi - 682024.
www.theeyefoundation.com | 0484 4242000

അമൃത ഭാരത് പദ്ധതി

പുനലൂർ റെയിൽവേ സ്റ്റേഷൻ ഉന്നതതല സംഘം സന്ദർശിച്ചു

പുനലൂർ: അമൃത ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി പുനലൂർ റെയിൽവേ സ്റ്റേഷനെ രാജ്യാന്തര നിലവാരത്തിൽ വികസിപ്പിക്കുന്നതിന് മുന്നോടിയായി മധുര ഡിവിഷനൽ മാനേജർ എ.ആനന്ദും ഉന്നത ഉദ്യോഗസ്ഥരും സ്റ്റേഷനിൽ പരിശോധന നടത്തി. ഡിവിഷനൽ കൊമേഴ്സൽ മാനേജർ ആർ.പി.രതിപ്രിയ അടക്കമുള്ള ഉദ്യോഗസ്ഥരും ഒപ്പമുണ്ടായിരുന്നു. ചെങ്കോട്ടയിൽ നിന്ന് റോഡ് മാർഗമാണ് സംഘം പുനലൂരിൽ എത്തി മടങ്ങിയത്.

ട്രെയിനിൽ വെള്ളം നിറയ്ക്കുന്നതിനായി നിർമിച്ചു വരുന്ന ഭൂഗർഭ ടാങ്ക്, ആർപിഎഫ് ഓഫിസ്, ഒന്നും രണ്ടും പ്ലാറ്റ്ഫോമുകൾ, വിശ്രമ മുറി, സിഗ്നൽ സംവിധാനങ്ങൾ, സ്റ്റേഷൻ മാനേജർ ഓഫിസ്, പാർക്കിങ് ഗ്രൗണ്ട്, എൻജിനീയറിങ് വിഭാഗം പൊതുമരാമത്ത് ഓഫിസ് എന്നിവിടങ്ങളിലും പരിശോധന നടത്തി.

പദ്ധതി നിർവഹണത്തിനായി എസ്റ്റിമേറ്റ് തയാറാക്കുന്നതിന് മുന്നോടിയായുള്ള പ്രാരംഭ സന്ദർശനമാണിത്. റെയിൽവേയിലെ വിവിധ ഡിപ്പാർട്മെന്റുകളുടെ നേതൃത്വത്തിൽ വരും ദിവസങ്ങളിൽ ഉന്നതതല ഉദ്യോഗസ്ഥർ റെയിൽവേ സ്റ്റേഷൻ പരിശോധിക്കും.കഴിഞ്ഞവർഷം കൊല്ലം പുനലൂർ പാത വൈദ്യുതീകരണം പൂർത്തിയാക്കിയിരുന്നു.

4 മാസത്തിനുള്ളിൽ പുനലൂർ ചെങ്കോട്ട പാതയിലെ വൈദ്യുതീകരണം പൂർത്തീകരിക്കും . ശബരിമല തീർഥാടകരുടെ സൗകര്യാർഥം പുനലൂർ തീർഥാടക സ്റ്റേഷനാക്കി വികസിപ്പിക്കണമെന്ന ആവശ്യം നിലനിൽക്കെയാണ് പുതിയ വികസന പദ്ധതിയിൽ പുനലൂർ സ്ഥാനം പിടിച്ചത്.

രാജ്യത്തെ ആയിരം സ്റ്റേഷനുകൾ രാജ്യാന്തര നിലവാരത്തിൽ പുനർനിർമിച്ച് വികസിപ്പിക്കാനുള്ള റെയിൽവേയുടെ അമൃത് ഭാരത് പദ്ധതിയിലാണ് പുനലൂർ സ്റ്റേഷനും ഇടംപിടിച്ചത്. സാധ്യതാപഠനത്തിന് കഴിഞ്ഞ മാസം ദക്ഷിണ റെയിൽവേ ടെൻഡർ ക്ഷണിച്ചിരുന്നു.

പഠനം നടത്തി പദ്ധതി റിപ്പോർട്ടും അടങ്കലും തയാറാക്കുന്നതിന് 12 മാസമാണ് അനുവദിച്ചിട്ടുള്ളത്. 46.87 ലക്ഷമാണ് ഇതിനുള്ള അടങ്കൽ തുക. തെങ്കാശി, തിരുച്ചെന്തൂർ, അംബാസമുദ്രം തുടങ്ങിയ സ്റ്റേഷനുകൾക്കൊപ്പമാണ് അമൃത് ഭാരത് പദ്ധതിയിൽ പുനലൂരിനെയും ഉൾപ്പെടുത്തിയിട്ടുള്ളത്.

സ്റ്റേഷനിലെ അടിസ്ഥാന സൗകര്യങ്ങളും യാത്രക്കാർക്കുള്ള സേവനങ്ങളും മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം. യാത്രക്കാരെ ആകർഷിക്കുന്ന തരത്തിൽ പ്രവേശന കവാടം സൗന്ദര്യവൽക്കരണം നടത്തും. വിശ്രമ മുറി, കഫെറ്റീരിയ, ബിസിനസ് യോഗങ്ങൾ നടത്താനുള്ള സൗകര്യം, വ്യക്തവും ആകർഷകവുമായ സൈൻ ബോർഡുകൾ, എസ്കലേറ്റർ, ലിഫ്റ്റുകൾ, വൈഫൈ സംവിധാനം, മികച്ച നടപ്പാത, പാർക്കിങ് സൗകര്യം, മികച്ച വെളിച്ച സംവിധാനങ്ങൾ പുൽത്തകിടി തുടങ്ങിയ പദ്ധതി സംബന്ധിച്ചുള്ള രൂപരേഖ തയാറാക്കാനുള്ള കൺസൽറ്റൻസി കരാറാണ് നൽകുന്നത്.

ആർക്കിടെക്ചർ ആൻഡ് ടെക്നിക്കൽ കൺസൽറ്റൻസി സാധ്യതാപഠനം, കൺസൽറ്റന്റ് പ്ലാൻ, മാസ്റ്റർ പ്ലാൻ, അർബൻ ആർക്കിടെക്ചർ ഡിസൈനിങ്, വിവിധ നിർമിതികളുടെ രൂപരേഖ, ഡ്രോയിങ്, ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവയും തയാറാക്കും.

പുനലൂരിൽ മൂന്നാം പ്ലാറ്റ്ഫോം സ്ഥാപിക്കുന്നതിനും ആർപിഎഫ്, റെയിൽവേ സംസ്ഥാന പൊലീസ് സ്റ്റേഷൻ, പ്രിപെയ്ഡ് ഓട്ടോ സംവിധാനം എന്നിവയും പുതിയ പദ്ധതിയിൽ പ്രതീക്ഷിക്കുന്നുണ്ട്.

ശബരിഗിരി പദ്ധതി പ്രദേശത്ത് വേനൽമഴ ശക്തം

സംഭരണികളിലെ ജലനിരപ്പ് 50% എത്തി

സീതത്തോട്: ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ മഴ പ്രദേശങ്ങളിലും വേനൽമഴ ശക്തം. കഴിഞ്ഞ ദിവസം തുടർച്ചയായി പെയ്ത മൂന്നു മഴയും മൂഴിയാർ, കക്കി, ആനത്തോട്, പമ്പ, ഗവി പ്രദേശങ്ങളിൽ ലഭിച്ചു. അണക്കെട്ടുകളിലേക്ക് നേരിയ നീരൊഴുക്കുണ്ട്. വേനൽ മഴ തുടർന്നാൽ വരുന്ന കാലവർഷം വരെ പദ്ധതിയിലെ വൈദ്യുതോൽപാദനം പ്രതിസന്ധിയില്ലാതെ മുന്നോട്ട് പോകുമെന്ന് വൈദ്യുതി ബോർഡ് അധികൃതർ.

സംഭരണികളിലെ ജലനിരപ്പ് 50% എത്തി. പമ്പ അണക്കെട്ടിൽ 966.45 മീറ്ററും കക്കി ആനത്തോട് അണക്കെട്ടിൽ 966.36 മീറ്ററുമാണ് ജലനിരപ്പ്. മഴ പ്രദേശങ്ങളിൽ 11 മില്ലിമീറ്റർ മുതൽ 22 മില്ലിമീറ്റർ വരെ മഴ കഴിഞ്ഞ ദിവസങ്ങളിൽ പെയ്തിരുന്നു. കഴിഞ്ഞ വർഷം ഈ സമയം 55% ആയിരുന്നു സംഭരണികളിലെ ജലനിരപ്പ്. മുൻ വർഷങ്ങളെ അപേക്ഷിച്ച് വേനൽ മഴയിൽ കാര്യമായ കുറവ് ഈ സീസണിൽ വന്നിട്ടുണ്ട്. പദ്ധതിയിൽ എല്ലാ ജനറേറ്ററുകളും പ്രവർത്തന സജ്ജമാണ്. വൈദ്യുതി ഉപയോഗം കൂടുതലായതിനാൽ പ്രതിദിന ശരാശരി വൈദ്യുതോൽപാദനം 4 ദശലക്ഷം യൂണിറ്റാണ്.

ഇത്രയും വൈദ്യുതി ഉൽപാദിപ്പിക്കാൻ ശരാശരി 2.5 ദശലക്ഷം ഘനമീറ്റർ വെള്ളം വേണം. ഏകദേശം 380 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാനാവശ്യമായ വെള്ളം സംഭരണിയിൽ ഉണ്ട്. 3 മാസം പ്രതിസന്ധിയില്ലാതെ വൈദ്യുതി ഉൽപാദിപ്പിക്കാനാകുമെന്ന പ്രതീക്ഷയിലാണ് പവർഹൗസ് അധികൃതർ. ശബരിഗിരി പദ്ധതിയിൽ നിന്ന് വൈദ്യുതോൽപാദനത്തിനു ശേഷം പുറംതള്ളുന്ന വെള്ളം ഉപയോഗിച്ചാണ് കക്കാട്, അള്ളുങ്കൽ ഇഡിസിഎൽ, കാരിക്കയം അയ്യപ്പ ഹൈഡ്രോ ഇലക്ട്രിക്, മണിയാർ കാർബോറാണ്ടം, പെരുനാട് എന്നീ ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനം.

ആറന്മുളക്കണ്ണാടി: പാർലമെന്ററി സ്ഥിരം സമിതി റിപ്പോർട്ടിൽ ആശ്വാസം

ആറന്മുള: ആറന്മുളക്കണ്ണാടി നിർമാണത്തിൽ ഏർപ്പെട്ടിട്ടുള്ളവരുടെ ജീവിതം മെച്ചപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിക്കണമെന്നുള്ള പാർലമെന്ററി സ്ഥിരം സമിതിയുടെ റിപ്പോർട്ട് മേഖലയുടെ സ്വപ്നങ്ങൾക്ക് തിളക്കമേറ്റുന്നു. കണ്ണാടി നിർമാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം പ്രധാന പ്രതിസന്ധി സൃഷ്ടിക്കുന്ന സാഹചര്യത്തിൽ സമിതിയുടെ നിർദേശം പ്രതീക്ഷ നൽകുന്നതായി അവർ പറയുന്നു.ആറന്മുളയുടെ കരവിരുതായി ലോകപ്രസിദ്ധി നേടിയ ലോഹക്കണ്ണാടിക്ക് വിദേശ രാജ്യങ്ങളിലും പ്രിയമുണ്ട്. . നിർമാണത്തിനാവശ്യമായ വസ്തുക്കൾ ഇടനിലക്കാരില്ലാതെ ഒരിടത്ത് നിന്നും ലഭിക്കുന്ന തരത്തിൽ മെറ്റീരിയൽ ഡിപ്പോ ആരംഭിക്കേണ്ടതുണ്ട്.

കരുത്തുറ്റ ഓജസ്സിന്റെ പുനർജന്മം
കായകല്പ ചികിത്സാരീതിയിൽ അമൂല്യ ഔഷധങ്ങളാൽ തയ്യാറാക്കിയ
ധാതു പുഷ്ടിയും ബലവും ഓജസ്സും വീണ്ടെടുക്കുവാൻ സഹായിക്കുന്നു
ഓജസെറ്റ് ക്യാപ്സൂൾ | OJUSET CAPSULES
SINCE 1995
ORDER NOW: 755 99 6 44 55
FREE DOCTOR CONSULTATION: 75 93 83 47 81
എല്ലാ ഇംഗ്ലീഷ് - ആയുർവ്വേദ മെഡിക്കൽ ഷോപ്പുകളിലും തപാലിലും ലഭിക്കുന്നു
Available at amazon
www.ojuset.com
PUNARJITH
OJUSET
capsules
VIGOR & VITALITY
STAMINA
STRENGTH

RAINBOW
Rotary Club of Cochin
CHILD CARE CENT
ustice Devan Rama
19th March 10am

ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ്(ഐ.എ.പി) കൊച്ചിൻ ശാഖ റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ന്റെ സഹകരണത്തോടെ ആരംഭിച്ച ചൈൽഡ് കെയർ സെന്റർ ഹൈക്കോടതി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.ഡോ.എം.എസ് നൗഷാദ്,ജോർജ്ജ് തോമസ്,ഡോ.അബ്രാഹം കെ.പോൾ,ഡോ.എസ് സച്ചിദാനന്ദ കമ്മത്ത്,എസ്,രാജമോഹൻ നായർ,അബ്രാഹം തര്യൻ,വേണുഗോപാൽ സി ഗോവിന്ദ് തുടങ്ങിയവർ സമീപം

ചൈൽഡ് കെയർ സെന്റർ ഉദ്ഘാടനം ചെയ്തു

വൈകല്യമുള്ള കുട്ടികൾ ഏറ്റവും മൂല്യമുള്ളവരാണെന്ന് നാം തിരിച്ചറിയണം: ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

കൊച്ചി: നമ്മൾ പഠിപ്പിക്കുന്ന രീതിയിലൂടെ കുട്ടികൾക്ക് കാര്യങ്ങൾ ഗ്രഹിക്കാൻ കഴിയുന്നില്ലെങ്കിൽ അവരെ നമ്മുടെ രീതിയിലേക്ക് കൊണ്ടുവരാൻ സമ്മർദ്ദം ചെലുത്താതെ പകരം അവർക്ക് മനസിലാകുന്ന രീതിയിൽ പഠിപ്പിക്കാനാണ് നമ്മൾ ശ്രമിക്കേണ്ടതെന്ന് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ.ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ്(ഐ.എ.പി) കൊച്ചിൻ ശാഖ റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ന്റെ സഹകരണത്തോടെ ആരംഭിച്ച ചൈൽഡ് കെയർ സെന്റർ പനമ്പിള്ളി നഗറിലെ റോട്ടറി ബാലഭവനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കുട്ടികൾക്ക് എന്തെങ്കിലും വിധത്തിലുള്ള വൈകല്യമുണ്ടെങ്കിൽ അവരെ ഒരു കാരണവാശാലും നമ്മൾ മാറ്റി നിർത്തുകയല്ല മറിച്ച് അവരെ നമ്മളോടൊപ്പം ചേർത്തു നിർത്തുകയാണ് വേണ്ടത്.ഏറ്റവും മൂല്യമുള്ളവരാണ് അവരെന്ന് നാം തിരിച്ചറിയണം. ഒരിക്കലും അവർ ഡിസേബിൾ അല്ല മറിച്ച് സൂപ്പർ ഏബിൾ ആണെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ വ്യക്തമാക്കി. പഠിത്തത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ചെറിയ ക്ലാസിൽ വെച്ചു തന്നെ ശാസ്ത്രീയമായി പരിശോധിക്കണമെന്നും എന്തെങ്കിലും പ്രശ്നം കണ്ടെത്തിയാൽ ഉടൻ നിവാരണം ചെയ്യണമെന്നും ചടങ്ങിൽ സ്വാഗത പ്രസംഗം നടത്തിയ ചൈൽഡ് കെയർ സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.അബ്രാഹം കെ.പോൾ പറഞ്ഞു.

ഐ.എ.പി കൊച്ചിൻ ബ്രാഞ്ച് പ്രസിഡന്റ് ഡോ.എം.എസ് നൗഷാദ് അധ്യക്ഷത വഹിച്ചു.

റോട്ടറി ഡിസ്ട്രിക്റ്റ് 3201 ഡിസ്ട്രിക്റ്റ് ഗവർണർ എസ്. രാജമോഹൻ നായർ മുഖ്യ അതിഥിയായിരുന്നു.

റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ പ്രസിഡന്റ് അബ്രാഹം തര്യൻ,റോട്ടറി ക്ലബ്ബ് മുൻ ഡിസ്ട്രിക്റ്റ് ഗവർണർ വേണുഗോപാൽ സി ഗോവിന്ദ്,ബി.പി.സി.എൽ ജനറൽ മാനേജർ(അഡ്മിനിസ്ട്രേഷൻ) ജോർജ്ജ് തോമസ്,ഐ.എ.പി മുൻ ദേശീയ പ്രസിഡന്റ് ഡോ.എസ് സച്ചിദാനന്ദ കമ്മത്ത്,ഐ.എ.പി കൊച്ചിൻ ബ്രാഞ്ച് സെക്രട്ടറി ഡോ. രേഖ സക്കറിയ തുടങ്ങിയവർ സംസാരിച്ചു. കുട്ടികളിലെ പഠനവൈകല്യം,ശ്രവണ,സംസാര വൈകല്യ നിർണയം,നിവാരണം,നവജാത ശിശുക്കളിലെ ശ്രവണ വൈകല്യം കണ്ടുപിടിക്കുന്നതിനുള്ള കേന്ദ്രീകൃത ശ്രവണ വൈകല്യ നിർണയ പദ്ധതി തുടങ്ങിയ മേഖലകളിലാണ് ചൈൽഡ് കെയർ സെന്ററിന്റെ പ്രധാന പ്രവർത്തനം

ഹോസ്റ്റൽ ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ഓഫിസ് ഉദ്ഘാടനം ചെയ്തു

ഹോസ്റ്റൽ ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ(എച്ച്.ഒ.ഡബ്ല്യു.എ) സംസ്ഥാന കമ്മിറ്റി ഓഫിസ് ഉദ്ഘാടനവും അംഗത്വ വിതരണ ക്യാമ്പയിനും എറണാകുളം എം.എൽ.എ ടി ജെ വിനോദ് നിർവ്വഹിക്കുന്നു. കെ.വി മനോജ്,മനു ജേക്കബ്ബ്,പി.പി ഫൈസൽ,പി.എം.എ സലാം,പ്രദീപ് ജോസ്,രത്നമ്മ,എലിസബത്ത് തുടങ്ങിയവർ സമീപം

കൊച്ചി:ഹോസ്റ്റൽ ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ(എച്ച്.ഒ.ഡബ്ല്യു.എ) സംസ്ഥാന കമ്മിറ്റി ഓഫിസ് ഉദ്ഘാടനവും അംഗത്വ വിതരണ ക്യാമ്പയിനും എറണാകുളം എം.എൽ.എ ടി ജെ വിനോദ് നിർവ്വഹിച്ചു. അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.പി ഫൈസൽ അധ്യക്ഷത വഹിച്ചു. സംഘടനയുടെ നേതൃത്വത്തിൽ നൽകുന്ന സാമ്പത്തിക സഹായ വിതരണം ചാരിറ്റി പ്രവർത്തകൻ പി.എം.എ സലാം നിർവ്വഹിച്ചു. ഹോസ്റ്റൽ ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ വെബ്സൈറ്റിന്റെ ഉദ്ഘാടനം സി.ഐ.ടി.യു എറണാകുളം ജില്ലാ ജോയിന്റ് സെക്രട്ടറി കെ.വി മനോജ് നിർവ്വഹിച്ചു.

കൊച്ചി കോർപ്പറേഷൻ കൗൺസിലർ മനു ജേക്കബ്ബ്,സംസ്ഥാന ചിക്കൻ വ്യാപാരി സമിതി സംസ്ഥാന സെക്രട്ടറി പി.എസ് ഉസ്മാൻ, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസ്, എച്ച്.ഒ.ഡബ്ല്യു.എ അസോസിയേഷൻ രക്ഷാധികാരി എലിസബത്ത്,സെക്രട്ടറി സെയ്ത് മുഹമ്മദ്,ട്രഷറർ രത്നമ്മ,വൈസ് പ്രസിഡന്റ് കെ.വി സാബു, ജോ.സെക്രട്ടറി നസീം ഹംസ തുടങ്ങിയവർ സംസാരിച്ചു.അസ്സോസിയേഷൻ മുൻഭാരവാഹികളെ ചടങ്ങിൽ ആദരിച്ചു.എറണാകുളം കച്ചേരിപ്പടി സെന്റ്.വിൻസെന്റ് റോഡിലാണ് സംസ്ഥാന കമ്മിറ്റി ഓഫിസ് സ്ഥിതി ചെയ്യുന്നത്.

കൊല്ലം കോർട്ട് കോംപ്ലക്സ് സമയബന്ധിതമായി പൂർത്തിയാക്കും

കൊല്ലം കോംപ്ലക്സിന്റെ നിർമാണം സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് ധനകാര്യമന്ത്രി കെ എൻ ബാലഗോപാൽ. കോർട്ട് കോംപ്ലക്സ് നിർമാണ പ്രഖ്യാപനവും മാതൃക അനാച്ഛാദനവും നിർവഹിക്കുകയായിരുന്നു മന്ത്രി.

കോടതി കെട്ടിടത്തിന്റെ നിർമാണത്തിന് ആവശ്യമായ തുക സമയബന്ധിതമായി അനുവദിക്കും. ടെൻഡർ ഉൾപ്പെടെയുള്ള നടപടിക്രമം വേഗത്തിലാക്കും. ആധുനിക സൗകര്യങ്ങളോടെ 1,56000 ചതുരശ്രയടിയിലാണ് കെട്ടിടം ഒരുങ്ങുന്നത്. നാല് നിലകളിലായി 22 കോടതികളാണ് പ്രവർത്തിക്കുക. ജീവനക്കാരുടെ കുട്ടിക്കളുടെ പരിപാലനത്തിന് ക്രഷ് അടക്കം സജ്ജമാക്കുന്നത് പരിഗണനയിലാണ്. ഹരിത കെട്ടിടത്തിന് സമാനമാണ് കോർട്ട് കോംപ്ലക്സ് രൂപകൽപ്പന. ഇവിടേക്കുള്ള വഴി പ്രശ്നവും ചർച്ച ചെയ്ത് പരിഹരിക്കും. എൻ ജി ഒ ക്വാർട്ടേഴ്സ് നിർമിക്കുന്നതിനുള്ള നടപടികളും തുടങ്ങുമെന്ന് മന്ത്രി പറഞ്ഞു.

കേരള ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് എ മുഹമ്മദ് മുസ്താഖ് ഓൺലൈനായി കെട്ടിട സമുച്ചയ മാതൃക അനാച്ഛാദനം നടത്തി. അഭിഭാഷകർക്ക് കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കാൻ സൗകര്യപ്രദവും അനുകൂലവുമായ അന്തരീക്ഷം ഇതുവഴി പ്രദാനം ചെയ്യുമെന്ന് മന്ത്രി പറഞ്ഞു.

പ്രിൻസിപ്പൽ ജില്ലാ ആൻഡ് സെഷൻസ് ജഡ്ജ് എം പി സ്നേഹലത അധ്യക്ഷയായി. എൻ കെ പ്രേമചന്ദ്രൻ എം പി, എം മുകേഷ് എം എൽ എ എന്നിവർ ഓൺലൈനായി മുഖ്യപ്രഭാഷണം നടത്തി. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് എഫ് മിനിമോൾ, ജെമേഴ്സികുട്ടിയമ്മ, കൗൺസിലർ ജി ആർ മിനിമോൾ, ബാർ അസോസിയേഷൻ പ്രസിഡന്റ് ഓച്ചിറ എൻ അനിൽകുമാർ, സെക്രട്ടറി എ കെ മനോജ് തുടങ്ങിയവർ പങ്കെടുത്തു.

മഹാകവി ജി. ഓഡിറ്റോറിയം
JSS
സ്ഥാപക ദിന സമ്മേളനം

ജെ.എസ്.എസ് 29ാമത് സ്ഥാപക ദിനാഘോഷം എറണാകുളം ജി ഓഡിറ്റോറിയത്തിൽ കെ.പി.സി.സി രാഷ്ട്രീയ കാര്യസമിതി അംഗം ബെന്നിബഹനാൻ എം.പി ഉദ്ഘാടനം ചെയ്യുന്നു.ആർ പൊന്നപ്പൻ,അഡ്വ.എ. എൻ രാജൻ ബാബു, പ്രൊഫ.എ.വി താമരാക്ഷൻ, ഡോമിനിക് പ്രസന്റേഷൻ,ബാലരാമപുരം സുരേന്ദ്രൻ,അഡ്വ.സുനിത കെ.വിനോദ് തുടങ്ങിയവർ സമീപം

ജെ.എസ്.എസ് സ്ഥാപക ദിനം ആചരിച്ചു

കൊച്ചി: അഴിമതിയിൽ മുങ്ങിക്കുളിച്ച സർക്കാരായി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽഡിഎഫ് സർക്കാർ മാറിയെന്ന് കെ.പി.സി.സി രാഷ്ട്രീയ കാര്യസമിതി അംഗം ബെന്നിബഹനാൻ എം.പി. ജനാധിപത്യ സംരക്ഷണ സമിതി (ജെ.എസ്.എസ്) 29ാമത് സ്ഥാപക ദിനാഘോഷം എറണാകുളം ജി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എല്ലാ ഉൾപ്പാർട്ടി ജനാധിപത്യത്തെയും നശിപ്പിച്ച് ഇടതുപക്ഷത്തെയും നാടിനെയും നാണം കെടുത്തിയാണ് പിണറായി വിജയൻ ഭരിക്കുന്നതെന്നും ബെന്നി ബഹാൻ എം.പി പറഞ്ഞു.എൽഡിഎഫ് സർക്കാരിന്റെ ജനപിന്തുണ നഷ്ടപ്പെട്ടിരിക്കുകയാണെന്ന് സമ്മേളനത്തിൽ ആമുഖപ്രഭാഷണം നടത്തിയ ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എം.എൽ.എയുമായ അഡ്വ.എ.എൻ രാജൻ ബാബു വ്യക്തമാക്കി. സർക്കാർ നടപ്പിലാക്കാൻ കൊണ്ടു വന്ന 16 നയങ്ങൾ പിൻവലിക്കേണ്ടിവന്നത് ജനപിന്തുണ നഷ്ടപ്പെട്ടുവെന്നതിന്റെ ഉത്തമ ഉദാഹരണമാണ്.കെ.ആർ ഗൗരിയമ്മ ഉയർത്തിയ മുദ്രാവാക്യങ്ങൾക്ക് പ്രസക്തിയേറിവരികയാണെന്നും അദ്ദേഹം വ്യക്തമാക്കി.

ജെ.എസ്.എസ് സംസ്ഥാന അധ്യക്ഷനും മുൻ എം.എൽ.എയുമായ പ്രൊഫ.എ.വി താമരാക്ഷൻ അധ്യക്ഷത വഹിച്ചു.യു.ഡി.എഫ് എറണാകുളം ജില്ലാ കൺവീനർ ഡൊമിനിക് പ്രസന്റേഷൻ, എറണാകുളം ഡി.സി.സി പ്രസിഡന്റ് മുഹമ്മദ് ഷിയാസ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി.ജെ.എസ്.എസ് സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് അഡ്വ.സഞ്ജീവ് സോമരാജൻ, സംസ്ഥാന സെക്രട്ടറിമാരായ ആർ.പൊന്നപ്പൻ, ബാലരാമപുരം സുരേന്ദ്രൻ,സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജയൻ,സംസ്ഥാന സെന്റർ അംഗങ്ങളായ അഡ്വ. കെ.വി ഭാസി,അഡ്വ.സുനിത കെ.വിനോദ്,അഡ്വ.വി.കെ പ്രസാദ്,കെ.പി സുരേഷ്,ദാസൻ പാലപ്പിള്ളി,വിനോദ് വയനാട്,ജെ.കെ.എസ് സംസ്ഥാന പ്രസിഡന്റ് മദൻലാൽ,അജിത് ജെയ്ഷോർ,എറണാകുളം ജില്ലാ പ്രസിഡന്റ് വി.കെ സുനിൽ കുമാർ തുടങ്ങിയവർ സംസാരിച്ചു.ജെ.എസ്.എസ് കൊല്ലം ജില്ലാ സെക്രട്ടറി സുധാകരൻ പള്ളത്ത്,എറണാകുളം ജില്ലാ സെക്രട്ടറി പി.ആർ ബിജു,സംസ്ഥാന എക്സിക്യൂട്ടീവ് അംഗം വി.കെ അംബർഷൻ,ഗൗരീശൻ,സാജൻ പെരുമ്പാവൂർ എന്നിവർ വിവിധ പ്രമേയങ്ങൾ അവതരിപ്പിച്ചു.

വേമ്പനാട്ടുകായലിന്റെ അടിത്തട്ടിൽ ഒരു മീറ്റർ കനത്തിൽ പ്ലാസ്റ്റിക് മാലിന്യം

കോട്ടയം വേമ്പനാട്ടുകായലിലെ ജലത്തിൽ കീടനാശിനി സാന്നിധ്യം കണ്ടെത്തി കേരള ഫിഷറീസ് സർവകലാശാല (കുഫോസ്). ആലപ്പുഴ മുതൽ തണ്ണീർമുക്കം ബണ്ട് വരെയുള്ള തെക്കൻ കായലിൽ മാത്രം 30 കീടനാശിനികളുടെ സാന്നിധ്യമുണ്ടെന്നു കുഫോസിലെ സെന്റർ ഫോർ എക്സലൻസ് ഇൻ അകാറ്റിക് റിസോഴ്സസ് മാനേജ്മെന്റ് ആൻഡ് കൺസർവേഷൻ നടത്തിയ പഠനത്തിൽ പറയുന്നു. സംസ്ഥാന സർക്കാർ നിർദേശപ്രകാരം ആരംഭിച്ച പഠനം 5 വർഷം കൊണ്ടാണു പൂർത്തിയാക്കിയത്.

കായലിന്റെ ജലസംഭരണ ശേഷിയിൽ കഴിഞ്ഞ 120 വർഷം കൊണ്ട് 85.3 ശതമാനത്തിന്റെ കുറവുണ്ടായി. ജലം ഉൾക്കൊള്ളാനുള്ള ശേഷി 2617.5 മില്യൻ ക്യുബിക് മീറ്ററിൽ നിന്ന് 387.87 മില്യൻ ക്യുബിക് മീറ്ററായി കുറഞ്ഞു. മൺസൂണിൽ കടലിലേക്കു പുറന്തള്ളുന്ന വെള്ളത്തിന്റെ അളവിനെക്കാൾ വളരെക്കൂടുതലാണു കായലിലേക്കെത്തുന്ന വെള്ളത്തിന്റെ അളവ്. പ്രളയജലത്തിന്റെ 10 ശതമാനം മാത്രമേ കായലിലേക്കു പോകുന്നുള്ളൂ. ശേഷിക്കുന്ന 90 ശതമാനം പ്രളയജലവും സംഭരിക്കുന്നത് നിലങ്ങളും നദികളുമാണെന്നും റിപ്പോർട്ടിൽ പറയുന്നു.

1930ൽ തെക്കൻ വേമ്പനാട്ടു കായലിന്റെ ആഴം ശരാശരി 8 മീറ്ററായിരുന്നത് ഇപ്പോൾ 1.8 മീറ്റർ. തണ്ണീർമുക്കം ബണ്ട് മുതൽ കൊച്ചി വരെയുള്ള കായലിന്റെ ആഴം 8.5 മീറ്റർ ആയിരുന്നത് ഇപ്പോൾ 2.87 മീറ്റർ മാത്രം.കായലിന്റെ അടിത്തട്ടിൽ ഒരു മീറ്റർ കനത്തിൽ 3005 ടൺ പ്ലാസ്റ്റിക് മാലിന്യം അടിഞ്ഞുകൂടി. ഓരോ ചതുരശ്ര കിലോമീറ്ററിലും 55.9 ടൺ പ്ലാസ്റ്റിക് മാലിന്യം എന്ന തോതിലാണിത്.1980ൽ 150 മത്സ്യ സ്പീഷിസുകൾ ഉണ്ടായിരുന്ന കായലിൽ ഇപ്പോഴുള്ളത് 90 സ്പീഷിസുകൾ മാത്രം. 40 വർഷത്തിനിടെ ഇല്ലാതായത് 40 ശതമാനം മത്സ്യയിനങ്ങൾ.തണ്ണീർമുക്കം ബണ്ട് കക്കകളുടെയും മത്സ്യങ്ങളുടെയും ജല ജീവികളുടെയും ആവാസ വ്യവസ്ഥയെ ദോഷകരമായി ബാധിച്ചു. വർഷം മുഴുവൻ ബണ്ട് തുറന്നുവയ്ക്കുക എന്നതു മാത്രമാണ് ഏക പോംവഴി.

അച്ചൻകോവിൽ, മണിമല, പമ്പ എന്നീ നദികളിൽ അടിഞ്ഞുകൂടുന്നതിൽ അധികവും മണലാണ്. നദീതടങ്ങളുടെ സ്വാഭാവിക പുനരുദ്ധാരണ കാലഘട്ടത്തെയാണു ഇതു സൂചിപ്പിക്കുന്നത്. നദികൾ സ്വഭാവികാവസ്ഥ വീണ്ടെടുക്കുന്നതുവരെ ഇവിടെ നിന്നു മണലെടുപ്പ് അനുവദിക്കരുത്.തോട്ടപ്പിള്ളി സ്പിൽവേയിലൂടെയുള്ള വെള്ളത്തിന്റെ പുറന്തള്ളൽ വർധിപ്പിക്കുകയും നദികളിലെ അസ്വാഭാവികമായ കുത്തൊഴുക്കു നിയന്ത്രിക്കുകയും ചെയ്താൽ മിന്നൽപ്രളയം തടയാനാകും. അനിയന്ത്രിതവും നിയമപരവുമല്ലാത്ത മീൻപിടിത്തം കായലിൽ നടക്കുന്നുണ്ട്. ഇത്ര ചെറിയ ആവാസവ്യവസ്ഥയിൽ നടക്കുന്നത് കടുത്ത വിഭവചൂഷണം.

വേമ്പനാട്ട് കായലിന്റെ ആഴം കൂട്ടുന്ന പദ്ധതി ജനപങ്കാളിത്തത്തോടെ അടിയന്തരമായി നടപ്പിലാക്കുമെന്നു മന്ത്രി സജി ചെറിയാൻ. തണ്ണീർമുക്കത്ത് കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാല (കുഫോസ്) സംഘടിപ്പിച്ച വേമ്പനാട്ട് കായൽ ധാരണകളും മിഥ്യാധാരണകളും ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കുഫോസ് നടത്തിയ വേമ്പനാട്ട് കായൽ പഠനത്തിന്റെ റിപ്പോർട്ട് മന്ത്രി ഏറ്റുവാങ്ങി. കുട്ടനാട് പാക്കേജ് ഉൾപ്പെടെയുള്ള പദ്ധതികൾ അട്ടിമറിക്കപ്പെട്ടെന്നും സ്ഥാപിത താൽപര്യക്കാർ കുഫോസ് റിപ്പോർട്ട് പ്രകാരമുള്ള നിർദേശങ്ങൾ നടപ്പിലാക്കാൻ അനുവദിക്കില്ലെന്നും പ്രാദേശിക പ്രതിനിധികൾ വിമർശിച്ചു.

പഠന റിപ്പോർട്ടിനെ സ്വാഗതം ചെയ്യുന്നെങ്കിലും താഴേത്തട്ടിൽ കായലുമായി ബന്ധപ്പെട്ടു ജീവിക്കുന്നവരുടെ അഭിപ്രായം കൂടി കണക്കിലെടുത്തു വേണം പരിഹാര നടപടികൾ കൈക്കൊള്ളാനെന്നു ചർച്ചയിൽ ഭൂരിഭാഗം പേരും പറഞ്ഞു. പഞ്ചായത്തുകളുടെയും സന്നദ്ധ സംഘടനകളുടെയും പങ്കാളിത്തത്തോടെ കായൽ ആഴംകൂട്ടാനും പ്ലാസ്റ്റിക് മാലിന്യം നി!ർമാർജനം ചെയ്യാനുമാണു സർക്കാർ ലക്ഷ്യമിടുന്നതെന്നു മന്ത്രി പറഞ്ഞു. ഇതിനായുള്ള മാസ്റ്റർ പ്ലാൻ ഏപ്രിൽ 30നകം സമർപ്പിക്കാൻ മന്ത്രി കുഫോസിനു നിർദേശം നൽകി.

വേമ്പനാട്ടു കായലിൽ നടത്തിയ പഠനം കൊച്ചിക്കു വടക്കോട്ട് കായലിന്റെ അറ്റം വരെയും തുടരുമെന്നു കുഫോസ് വ്യക്തമാക്കി. നിലവിൽ കൊച്ചിക്കു തെക്കുള്ള കായൽ ഭാഗത്തെ രണ്ടു സോണുകളായി തിരിച്ചാണു പഠനം നടത്തിയത്. തണ്ണീർമുക്കം ബണ്ടിന്റെ തെക്കുള്ള ഭാഗത്തെ തെക്കൻ വേമ്പനാട്ട് കായലെന്നും ബണ്ട് മുതൽ കൊച്ചി വരെയുള്ള ഭാഗത്തെ മധ്യ വേമ്പനാട്ടു കായലെന്നും തിരിച്ചായിരുന്നു പഠനം. വടക്കോട്ടുള്ള ആവാസ വ്യവസ്ഥയിൽ മാറ്റമുള്ളതിനാലാണു പഠനം രണ്ടാംഘട്ടത്തിലാക്കിയത്.

തൊഴിലുറപ്പു പദ്ധതിയിൽ സംസ്ഥാനത്ത് 2000 കുളങ്ങൾ നിർമിക്കുന്നു

ജലസംരക്ഷണത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2000 കുളങ്ങൾ നിർമിക്കുന്നു. സംസ്ഥാന സർക്കാരിന്റെ നൂറു ദിന കർമപരിപാടിയിൽ ഉൾപ്പെടുത്തിയാണ് നിർമാണം. ആദ്യ ഘട്ടത്തിൽ 1000 കുളങ്ങളുടെ പൂർത്തീകരണവും ഉദ്ഘാടനവും ലോകജല ദിനമായ 22ന് നടക്കും. തദ്ദേശവകുപ്പ് മന്ത്രി എം. ബി. രാജേഷ് തിരുവനന്തപുരം വാമനപുരം പഞ്ചായത്തിൽ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കും.

55668 പ്രവൃത്തികളിൽ ഈ വർഷം 304.35 കോടി രൂപ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ജനസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കുളങ്ങൾ, തടയണകൾ, മഴക്കുഴികൾ, മഴവെള്ള റീചാർജ് സംവിധാനങ്ങൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടത്തുന്നുണ്ട്.

നാഷണൽ ആയുഷ് മിഷനിൽ ഒഴിവുകൾ

നാഷണൽ ആയുഷ് മിഷൻ, തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളിലേക്ക് ജീവനക്കാരെ ആവശ്യമുണ്ട്. മെഡിക്കൽ ഓഫീസർ, നഴ്സ്, ഫാർമസിസ്റ്റ് എന്നീ തസ്തികകളിലാണ് ഒഴിവുകൾ. ബി.എ.എം.എസ്, ശല്യതന്ത്ര പി.ജി, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ, ഒരു വർഷത്തെ ആയുർവേദ നഴ്സിങ് സർട്ടിഫിക്കറ്റ് തത്തുല്യം എന്നിവയാണ് യഥാക്രമം യോഗ്യതകൾ. മെഡിക്കൽ ഓഫീസറുടെ അഭിമുഖം മാർച്ച് 29 ന് 11 മണിക്കും നഴ്സ്, മാർച്ച് 30 ന് 11 മണിക്കും ഫാർമസിസ്റ്റിന്റേത് ഏപ്രിൽ 4 ന് 11 മണിക്കും നടക്കും. 40 വയസാണ് പ്രായപരിധി. ആദ്യ രണ്ട് തസ്തികകൾക്ക് മാർച്ച് 24 ഉം, മൂന്നാമത്തേതിന് മാർച്ച് 25 മാണ് അപേക്ഷ നൽകാനുള്ള അവസാന തീയതി. ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം തിരുവനന്തപുരം ആയുർവേദ കോളേജിന് സമീപം ആരോഗ്യഭവൻ ബിൽഡിങ്ങിൽ അഞ്ചാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രോഗ്രാം മാനേജരുടെ ഓഫീസിൽ (നാഷണൽ ആയുഷ് മിഷൻ) നേരിട്ടോ തപാൽ മുഖേനയോ നിശ്ചിത തീയതിക്കുള്ളിൽ അപേക്ഷ സമർപ്പിക്കണം. ഫോൺ: 9072650494.

മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയിൽ കെഎസ്ഐഡിസി ഇതുവരെ നൽകിയത് 101 കോടി രൂപ

സംസ്ഥാന വ്യവസായ വികസന കോർപറേഷൻ (കെഎസ്ഐഡിസി) വഴി മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയിൽ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷത്തിനിടെ 101 കോടി രൂപ വായ്പ നൽകിയതായി മാനേജിങ് ഡയറക്ടർ ഹരികിഷോർ ഐ.എ.എസ് അറിയിച്ചു. 64 സംരംഭകർക്കാണ് ഇതുവരെ വായ്പ നൽകിയത്. സംസ്ഥാനത്ത് അഞ്ച് വർഷത്തിനുള്ളിൽ 1500 ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പ്രതിവർഷം 200 സംരംഭകർക്കെങ്കിലും വായ്പ നൽകാനാണ് കെഎസ്ഐഡിസി ഉദ്ദേശിക്കുന്നത്.

പദ്ധതി പ്രകാരം സംരംഭങ്ങൾക്ക് 25 ലക്ഷം മുതൽ രണ്ട് കോടി രൂപ വരെയാണ് വായ്പ നൽകുന്നത്. പദ്ധതി ചെലവിന്റെ 80 ശതമാനം വരെ വായ്പ ലഭിക്കും. 5.50 ശതമാനം മാത്രമാണ് പലിശ. സംരംഭകർക്ക് ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്ന പദ്ധതിയാണിത്. സമയബന്ധിതമായ തിരിച്ചടവിന് 0.50 ശതമാനം കിഴിവും ലഭിക്കും. പുതിയ സംരംഭങ്ങൾക്കും ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും പ്രവർത്തന മൂലധനമായും വായ്പ നൽകും. ഏതു തരം സ്ഥാപനങ്ങളും വായ്പയ്ക്ക് അർഹമായിരിക്കും. വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതും കമ്പനികൾക്കും ഒന്നിലേറെ വ്യക്തികൾ നടത്തുന്ന പാർട്ണർഷിപ്പ് അടിസ്ഥാനത്തിലുള്ള സ്ഥാപനങ്ങളും ഈ പ്രത്യേക പദ്ധതിയുടെ അടിസ്ഥാനത്തിലുള്ള വായ്പകൾക്ക് അർഹമാണ്. ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് നടപടിക്രമങ്ങൾക്കുള്ള ഫീസ് ആവശ്യമില്ല. ഒരു കോടിയിലേറെ രൂപയുള്ള നിശ്ചിത കാലാവധിക്കുള്ള വായ്പകൾക്ക് സാധാരണ ഗതിയിൽ ചുമത്തപ്പെടുന്ന ഫീസ് ബാധകമായിരിക്കും. 18 മുതൽ 60 വയസുവരെയുള്ളവർക്കാണ് വായ്പ നൽകുക. സ്ത്രീകൾ, പട്ടികജാതി പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവർ, പ്രവാസി മലയാളികൾ എന്നിവർക്ക് അഞ്ച് വർഷത്തെ ഇളവ് ലഭിക്കും. തിരിച്ചടവ് കാലാവധി അഞ്ച് വർഷം. ഒരു വർഷത്തെ മൊറട്ടോറിയം നൽകും. അപേക്ഷകർക്ക് 650ന് മുകളിൽ സിബിൽ സ്കോർ ഉണ്ടായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് കെഎസ്ഐഡിസിയുടെ www.ksidc.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 0471 2318922.



വഴിപാടുകൾ ഇനി മുടങ്ങില്ല!

നിങ്ങളുടെ വിശ്വാസം കാക്കാൻ ഞങ്ങളെ വിശ്വസിച്ചതിന് നന്ദി!

ദക്ഷിണേന്ത്യയിലെ ആയിരത്തിലധികം ക്ഷേത്രങ്ങളിലും പതിനായിരകണക്കിന് വിശ്വാസികളുമായി സേവനത്തിൽ ഐ-പ്രാർത്ഥന എന്നും മുൻപന്തിയിൽ

https://iprarthana.net/

ഐ-പ്രാർത്ഥന ആപ്പിലൂടെയും വെബ്സൈറ്റിലൂടെയും നിങ്ങളുടെ ഇഷ്ടക്ഷേത്രങ്ങളിലെ വഴിപാടുകൾ ബുക്ക് ചെയ്യാവുന്നതാണ്

ക്ഷേത്രഭാരവാഹികളുടെ ശ്രദ്ധയ്ക്ക്
ക്ഷേത്രങ്ങളിലെ വഴിപാടുകളുടെ വരവ് ചിലവ് കണക്കുകൾ രേഖപ്പെടുത്തുന്നതിനും/വഴിപാട് ബുക്കിംഗിനുമായുള്ള ഐ-പ്രാർത്ഥനയുടെ ERP സോഫ്റ്റ്‌വെയർ ആകർഷകമായ നിരക്കിൽ ലഭ്യമാണ്.

Visit our Website/ Download our App:
GET IT ON Google Play

CONTACT US
1800 120 66 7777
(English & Malayalam)
+91 9061 452 000
prarthana@imayas.net

അലങ്കാരമത്സ്യ കർഷകർക്ക് കാവലായി കാവിൽ

500ലേറെ സ്റ്റാർട്ടപ്പുകൾക്ക് സുഗമമായ വിപണി സൗകര്യം

തിങ്കളാഴ്ചകളിലെ ബയർ സെല്ലർ സംഗമത്തിൽ വിറ്റഴിക്കുന്നത് രണ്ട് ലക്ഷം രൂപയുടെ മീനുകൾ

കൊച്ചി:അലങ്കാരമൽസ്യമേഖലയിൽ അഞ്ഞൂറിലേറെ സ്റ്റാർട്ടപ് സംരംഭങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കാനായി ആവിഷ്കരിച്ച പദ്ധതികളിലൂടെ ശ്രദ്ധനേടുകയാണ് സംസ്ഥാന സർക്കാറിന് കീഴിലുള്ള കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ). കോവിഡിനെ തുടർന്ന് കനത്ത നഷ്ടത്തിലായ ഈ മേഖലയെ പുനരുജ്ജീവിപ്പിക്കാനായി ആലുവ ആസ്ഥാനമായി പ്രവർത്തിക്കുന്ന കാവിൽ നടത്തിയ കർമപരിപാടികൾ നൂറ് കണക്കിന് കുടുംബങ്ങൾക്കാണ് ആശ്വാസമായത്.വിപണി കണ്ടെത്താനാവാതെ വിഷമിച്ചിരുന്ന കർഷകർക്ക് പരിഹാരമായി നടപ്പിലാക്കിയ ബയർസെല്ലർ മീറ്റാണ് അലങ്കാരമത്സ്യ സംരംഭകരുടെ തലവര മാറ്റിയത്. ഇതിലൂടെ, രാജ്യത്തെവിടെയുമുള്ള അലങ്കാരമത്സ്യ വ്യാപാരികളെ കർഷകരിലേക്ക് അടുപ്പിക്കാനായി. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ 72 ലക്ഷത്തോളം രൂപയുടെ മീൻ വിൽപനയാണ് ഇതുവഴി നടന്നത്. എല്ലാ തിങ്കളാഴ്ചകളിലും രാവിലെ 9 മുതൽ 12 വരെയാണ് ബയർ സെല്ലർ മീറ്റ് നടക്കുന്നത്. ഓരോ സംഗമത്തിലും ഏകദേശം രണ്ട് ലക്ഷം രൂപയുടെ വർണമീനുകൾ വിൽപന നടത്താൻ കർഷകർക്ക് സാധിക്കുന്നുണ്ടെന്ന് കാവിൽ മാനേജിംഗ് ഡയറക്ടറുടെ ചുമതല വഹിക്കുന്ന ഫിഷറീസ് എറണാകുളം മേഖല ജോയിന്റ് ഡയറക്ടർ എം എസ് സാജു പറഞ്ഞു.ലക്ഷ്യം അഞ്ച് കോടിയുടെ വിൽപന ഓരോ മാസം കഴിയുംതോറും ഇതുവഴിയുള്ള വിൽപന കൂടിവരികയാണ്. 2025 ഓടുകൂടി പ്രതിവർഷം അഞ്ച് കോടിയുടെ വിൽപനയാണ് കാവിൽ ലക്ഷ്യമിടുന്നത്. ഇകൊമേഴ്സ് സൗകര്യംകൂടി ഉൾപെടുത്തി നവീകരിച്ച വെബ്സൈറ്റ് (ംംം.സമ്ശഹ.ശി) നിലവിൽ വന്നതോടെ മത്സ്യവിപണനം കൂടുതൽ മെച്ചപ്പെടുമെന്നാണ് കരുതുന്നത്.കാവിൽ നൽകിയ പരിശീലനത്തിലൂടെയാണ് അലങ്കാരമത്സ്യമേഖലയിൽ സ്റ്റാർട്ടപ് സംരംഭങ്ങൾ നിലവിൽ വന്നത്.

ഇടനിലക്കാരെ ഒഴിവാക്കി മീനുകൾക്ക് ഉയർന്ന വില ലഭ്യമാക്കാൻ തുടങ്ങിയതോടെ കൂടുതൽ പേർ അലങ്കാരമത്സ്യകൃഷിയിലേക്ക് തിരിയുന്നുണ്ട്.മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന മീനുകളേക്കാൾ ഗുണമേൻമയും ആരോഗ്യവുമുണ്ടെന്നതാണ് കേരളത്തിലെ വർണമത്സ്യങ്ങൾക്കുള്ള സ്വീകാര്യത. കാവിലിന്റെ മാർകറ്റിംഗ് കൺസൽട്ടന്റും കുസാറ്റ് സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിലെ അസോസിയേറ്റ് പ്രൊഫസറുമായ ഡോ മിനി ശേഖരന്റെ പിന്തുണയോടെ മത്സ്യ മൊത്തകച്ചവടക്കാരെയും ഇറക്കുമതിക്കാരെയും ആകർഷിക്കുന്നതിനുള്ള നടപടികളാണ് കാവിൽ ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ഇതിലൂടെ, കാവിലിനെ രാജ്യത്തെ അലങ്കാരമത്സ്യ ഹബ്ബാക്കാനാണ് ലക്ഷ്യമിടുന്നത്.എല്ലാതരം ഉപഭോക്താക്കളുടെയും താൽപര്യങ്ങൾക്കനുസരിച്ച് വൻതോതിൽ ഗുണമേൻമയുള്ള മീനുകളുടെ ഉൽപാദനം നടത്താനുള്ള പരിശീലനം കർഷകർക്ക് നൽകിവരുന്നുണ്ട്. വ്യാപാരികളെയും കർഷകരെയും ഒരു കുടക്കീഴിൽ അണിനിരത്താനാണ് കാവിൽ ശ്രമിച്ചതെന്ന് ഡോ മിനി ശേഖരൻ പറഞ്ഞു. കോയ് കാർപ്, ഓസ്കാർ, എയിഞ്ചൽ, സികിലിഡ്, ടെട്ര തുടങ്ങിയ വർണമത്സ്യങ്ങൾക്കാണ് കൂടുതൽ ആവശ്യക്കാരുള്ളത്.ആഭ്യന്തര വിപണിക്കൊപ്പം കയറ്റുമതി കൂടി ലക്ഷ്യമിട്ട് കൂടുതൽ മീനുകളുടെ പ്രജനനസാങ്കേതികവിദ്യയും ഈ രംഗത്തെ ഏറ്റവും പുതിയ രീതികളും കർഷകരെ പരിചയപ്പെടുത്തുന്നതിനായി ഈ മാസം 24നും 25നും ഉന്നതതല പരിശീലനപരിപാടി സംഘടിപ്പിക്കുന്നുണ്ട്. അലങ്കാരമത്സ്യരംഗത്ത് ആഗോളതലത്തിൽ വിദഗ്ധരായ ശ്രീലങ്കയിലെ കപില ടിസേര, മുംബൈയിലെ ശ്രീറാം ഹത്വൽനെ തുടങ്ങിയവർ ക്ലാസുകൾ നയിക്കും. ഫോൺ 8304906412, 9745442656.അലങ്കാരമത്സ്യമേഖലയുടെ വികസനത്തിനായി സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ നോഡൽ ഏജൻസിയാണ് കാവിൽ. ഫിഷറീസ് വകുപ്പിന് കീഴിൽ 2007ലാണ് കാവിൽ സ്ഥാപിതമായത്.

കണ്ടുകിട്ടുന്ന എന്തിലും കലാവിഷ്കാരമൊരുക്കി രജനി; ബിനാലെയിൽ ആർട്ടിസ്റ്റിന്റെ ശിൽപശാലയും

കൊച്ചി: ജീവിത പരിസരത്തിൽ അഭിമുഖീകരിക്കുന്ന വിഷയങ്ങളും അനുഭവങ്ങളും പ്രതിഫലിപ്പിക്കാനും പ്രതികരിക്കാനും ചുറ്റുപാടും കാണുന്ന ഏത് വസ്തുവും മതി മലയാളി ആർട്ടിസ്റ്റ് എസ് ആർ രജനിക്ക്. മണ്ണ്, കല്ല് , ചാക്കുനൂൽ(ചണനാര്), ചകിരി, ഈർക്കിൽ, കയർ, പാള, മടൽ, മുത്ത് ....ഇങ്ങനെ സാധാരണ കാര്യമാക്കാത്ത സാധനങ്ങൾ ഉപയോഗിച്ച് രജനി തീർത്ത മൂന്നു ശ്രദ്ധേയ സൃഷ്ടികൾ ബിനാലെയിൽ ഉണ്ട്. തൃപ്പൂണിത്തുറ ആർ എൽ വി കോളേജിൽ നിന്ന് ശിൽപകലയിൽ ബിരുദാനന്തബിരുദം നേടിയശേഷം എന്ത് മാധ്യമത്തിൽ ഉറച്ചുനിൽക്കണമെന്നതിൽ ആശയക്കുഴപ്പമുണ്ടായിരുന്നെന്ന് രജനി പറയുന്നു. ഒടുവിൽ കലാവിഷ്കാരത്തിന് ഇപ്പോൾ അവലംബിക്കുന്ന രീതിയിൽ എത്തിപ്പെട്ടു. അതുകൊണ്ട് തന്റെ സൃഷ്ടികളെ പ്രതിഷ്ഠാപനമെന്നോ ശിൽപമെന്നോ പറയാം, പറയാതിരിക്കാം. ഇക്കാര്യത്തിലുമുണ്ട് ആശയക്കുഴപ്പമെന്ന് രജനി. ബാല്യത്തിൽ കണ്ടതും കേട്ടതുമായ അനുഭവങ്ങൾ അതിൽ മുത്തശ്ശിയുടെ ജഡ പിടിച്ച മുടിയുണ്ട്, ദുർമന്ത്രവാദവും ആഭിചാരവുമുണ്ട് ചിലപ്പോൾ ഇത്തരമൊരു ആവിഷ്കാരമാധ്യമത്തിലേക്ക് നയിച്ചിട്ടുണ്ടാകാം. പക്ഷെ അത് സംഭവിക്കുന്നത് മൂന്നു പതിറ്റാണ്ടോളം പിന്നീടാണെന്നതാണ് കൗതുകകരം.തനിക്ക് ചിത്രകല(ആർട്ട്) എന്നാൽ കഥപറച്ചിലല്ല. ദൃശ്യാത്മകതയ്ക്കാണ് പ്രാധാന്യം. അത് ആസ്വദിക്കുന്നവർക്ക് സ്വന്തം ഭാവനയ്ക്കനുസൃതം വ്യാഖ്യാനിക്കാം, ഉൾക്കൊള്ളാം. അതുകൊണ്ട് സൃഷ്ടികൾക്ക് പേരൊന്നും നൽകിയിട്ടില്ല രജനി വിശദമാക്കി. കണ്ണിലും വായിലും ഉൾപ്പെടെ ഈർക്കിൽ തറഞ്ഞ പ്രതിമ രജനിയുടെ ബിനാലെ അവതരണങ്ങളിൽ ഒന്നാണ്. ഏറെ ചിന്തിപ്പിക്കുന്ന ഈ സൃഷ്ടി ഓരോരുത്തരെയും കൂട്ടിക്കൊണ്ടു പോകുന്നത് സ്വാനുഭവത്തിന്റെ വ്യത്യസ്തകളിലേക്കാകും. നല്ലത് പാഴ് വേർതിരിവ് , ലിംഗവിവേചനം, മുൻവിധി എന്നിവയോടെല്ലാമുള്ള പ്രതികരണങ്ങൾ ഉൾക്കൊള്ളുന്നവയാണ് രജനിയുടെ സൃഷ്ടികൾ.കേരള ലളിതകലാ അക്കാദമിയുടെ ഗ്രാൻഡോടെ 16 കലാവിഷ്കാരങ്ങളുമായി രജനി കഴിഞ്ഞവർഷം എറണാകുളത്ത് ഏകാംഗ പ്രദർശനം നടത്തിയിരുന്നു. ബിനാലെയിൽ എറണാകുളം ഡർബാർ ഹാൾ ആർട്ട്ഗ്യാലറിയുടെ 'ഇടം' വേദിയിലാണ് രജനിയുടെ അവതരണങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്നത്.ചുറ്റുപാടിലുംനിന്ന് കണ്ടുകിട്ടുന്ന വസ്തുക്കൾ എങ്ങനെ കലാവിഷ്കാരമായി മാറുന്നുവെന്ന് വ്യക്തമാക്കിക്കൊണ്ട് ബിനാലെയുടെ ഫോർട്ട്കൊച്ചി കബ്രാൾയാർഡ് ആർട്ട്റൂമിൽ രജനി നേതൃത്വം നൽകുന്ന 'കാന്തം' ശിൽപശാലയും നടക്കുന്നുണ്ട്. ഇന്നും (മാർച്ച് 19) രാവിലെ പത്തുമുതൽ അഞ്ചുവരെ നടക്കുന്ന ശിൽപശാലയിൽ പ്രവേശനം സൗജന്യം.

സംസ്കൃത സർവ്വകലാശാല സർട്ടിഫിക്കറ്റ് കോഴ്സ് തുടങ്ങി

കൊച്ചി: ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ ദാക്ഷായണി വേലായുധൻ സെന്റർ ഫോർ വിമൻസ് സ്റ്റഡീസിന്റെയും ദിശയുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഷോർട്ട് ടേം സർട്ടിഫിക്കറ്റ് കോഴ്സ് ഓൺ ഇന്റർസെക്ഷനാലിറ്റി സ്റ്റഡീസ് ആരംഭിച്ചു. പത്ത് ദിവസമാണ് കോഴ്സിന്റെ ദൈർഘ്യം. അംഗീകൃത സർവ്വകലാശാല ബിരുദം നേടിയ പൊതുജനങ്ങൾ, പൊതുപ്രവർത്തകർ, ഗവേഷകർ, അധ്യാപകർ എന്നിങ്ങനെ വിവിധ മേഖലകളിൽ നിന്നുമുള്ളവരാണ് കോഴ്സിൽ പങ്കെടുക്കുന്നത്. ഉമ ചക്രവർത്തി, പി. സനൽ മോഹൻ, എം. കുഞ്ഞാമൻ, എസ്. ആനന്ദി, കെ. എൻ. ഗണേഷ്, ടി. എം. യേശുദാസൻ, അക്കയ് പത്മശാലി, മോഹൻ ഗോപാൽ, ജസ്റ്റിസ് മാത്യു, ബിന്ദു മേനോൻ, ബിനിത തമ്പി, സ്വാതി കാമ്പിൾ, ഉമ്മൾ ഫായിസ്, സിന്ധു ജോസ്, ശാരദ ദേവി, കൗസ്തവ് ബക്ഷി, രേഷ്മ ഭരദ്വാജ്, ശീതൾ എസ്. കുമാർ, കെ. നിവേദിത, ദിനു വെയിൽ, ഉത്തര ഗീത, പി. എം. ആരതി, ഇ. ദീപ എന്നിവർ കോഴ്സിൽ വിവിധ വിഷയങ്ങളിൽ പ്രസംഗിക്കും. മീര വേലായുധൻ, അനഘ്, പ്രൊഫ. കെ. എം. ഷീബ എന്നിവർ കോഴ്സിന് നേതൃത്വം നൽകും. കോഴ്സ് 26ന് സമാപിക്കും.

ഗുണഭോക്തൃ പട്ടിക നൽകണം

കൊച്ചി:ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം എന്ന പദ്ധതിയിൽ 202324 വാർഷിക പദ്ധതിയിൽ ഗ്രാമ പഞ്ചായത്തുകൾ നിർവഹണം ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന്റെ മുന്നോടിയായും 2023 ഏപ്രിൽ 1 മുതൽ പദ്ധതിയുടെ ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത് ഉറപ്പാക്കുന്നതിനുമായി പദ്ധതിയുടെ 2023 24 വർഷത്തെ പഞ്ചായത്ത് തല ഗുണഭോക്തൃ ലിസ്റ്റിന്റെ പക4പ്പ് 2023 മാ4ച്ച് 25നകം ജില്ലാ മെഡിക്കൽ ഓഫീസ4ക്കും, ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും കൈമാറേണ്ടതാണെന്ന്
ജില്ലാ പ്ലാനിംഗ് ഓഫീസർ അറിയിച്ചു.

ആസൂത്രണ സമിതി യോഗം 20 ന്

കൊച്ചി: ബ്രഹ്മപുരം തീപിടിത്തത്തിന്റെ പശ്ചാത്തലത്തിൽ ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ജില്ലാ ആസൂത്രണ സമിതി യോഗം ഇന്ന് ചേരും.തദ്ദേശ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് സമിതി ചർച്ച ചെയ്യുക. ഉച്ചയ്ക്ക് രണ്ടിന് ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ ചേരുന്ന യോഗത്തിൽ ജില്ലാ പ്രസിഡന്റ് ഉല്ലാസ് തോമസ് അധ്യക്ഷത വഹിക്കും.
മേയർ അഡ്വ. എം. അനിൽകുമാർ, ജില്ലാ കളക്ടർ എ9.എസ്.കെ. ഉമേഷ്, ആസൂത്രണ സമിതി അംഗങ്ങൾ, ശുചിത്വ മിഷൻ, ഹരിത കേരള മിഷൻ, വിദഗ്ധ സമിതി അംഗങ്ങൾ, തദ്ദേശ സ്ഥാപന അധ്യക്ഷ9മാർ, സെക്രട്ടറിമാർ തുടങ്ങിയവർ പങ്കെടുക്കും.

മാർജിൻ മണി വായ്പ: ഒറ്റത്തവണ തീർപ്പാക്കാം

ആലപ്പുഴ: വ്യവസായ വകുപ്പിൽ നിന്നും ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള മാർജിൻ മണി വായ്പ ഒറ്റത്തവണയായി തീർപ്പാക്കൽ അവസരം. തീർപ്പാക്കുമ്പോൾ രണ്ട് കാറ്റഗറികളിലായാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. യൂണിറ്റുടമ മരണപ്പെടുകയും സ്ഥാപനം പ്രവർത്തനരഹിതമായിരിക്കുകയും സ്ഥാപനത്തിന് ആസ്തികൾ ഒന്നും നിലവിലില്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കുടിശിഖ പൂർണ്ണമായും എഴുതിത്തള്ളും. ഇതിനായി മരണപ്പെട്ട യൂണിറ്റുടമയുടെ അനന്തരാവകാശി ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണം. മറ്റുള്ള മാർജിൻ വായ്പകളിൽ റവന്യൂ നടപടികളിലുള്ളവ, യൂണിറ്റ് പ്രവർത്തന രഹിതമായവ, യൂണിറ്റിന് ആസ്തി ഇല്ലാതിരിക്കുക എന്നിവയ്ക്ക് വായ്പ അനുവദിച്ച തീയതി മുതൽ ഒറ്റത്തവണ തീർപ്പാക്കൽ അപേക്ഷ സമർപ്പിക്കുന്ന തീയതി വരെ ആറ് ശതമാനം നിരക്കിലുള്ള പലിശ ഉൾപ്പടെയുള്ള തുകയാണ് അടയ്ക്കണ്ടത്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക തീർപ്പാക്കുന്നവർക്ക് പലിശയുടെ 50 ശതമാനം എഴുതിത്തള്ളും. പിഴ പലിശ പൂർണ്ണമായും ഒഴിവാക്കും. കൂടുതൽ വിവരത്തിന് ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെടണം. ഫോൺ: 0477 2241272, 0477 2241632.

കൃഷി അവകാശ ലേലം

ആലപ്പുഴ: അമ്പലപ്പുഴ താലൂക്കിൽ പുറക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 20 റീസർവ്വെ 98/1 ൽപ്പെട്ട 1.3340 ഹെക്ടർ, 98/3ൽപ്പെട്ട 10.30 ആർസ്, 99/1 ൽപ്പെട്ട 65.60 ആർസ് എന്നിവയുൾപ്പെടെ 2.0930 ഹെക്ടർ സർക്കാർ പുറമ്പോക്ക് നിലത്ത് അടുത്ത ഒരു വർഷത്തേയ്ക്ക് കൃഷി ചെയ്യുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നു. മാർച്ച് 27ന് രാവിലെ 11 ന് പുറക്കാട് വില്ലേജ് ഓഫീസിലാണ് ലേലം. ഫോൺ: 0477 2253771

ഡി.സി.എ. കോഴ്സിന് അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: ഐ.എച്ച്.ആർ.ഡി.യുടെ നിയന്ത്രണത്തിലുള്ള കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്ക് കോളജിൽ ആറുമാസം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിൽ ഒഴിവുള്ള സീറ്റിലേക്ക് പ്രവേശനം നടത്തുന്നു. പ്ലസ്സ് ടു വിജയമാണ് യോഗ്യത. എസ്.സി/എസ്.ടി /ഒ.ഇ.സി വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റോട് കൂടി സൗജന്യമായി ഈ കോഴ്സ് പഠിക്കാം. ഫോൺ: 0476 2623597,9447488348.

സ്റ്റേഷനറി വിതരണം ഉണ്ടായിരിക്കില്ല

കൊച്ചി: വാർഷിക സ്റ്റോക്കെടുപ്പ് പ്രമാണിച്ച് ഏപ്രിൽ 1, 3, 4 തീയതികളിൽ എറണാകുളം മേഖലാ സ്റ്റേഷനറി ഓഫീസിൽ നിന്നും സ്റ്റേഷനറി സാധനങ്ങളുടെ വിതരണം ഉണ്ടായിരിക്കുന്നതല്ലെന്ന് അസിസ്റ്റൻറ് സ്റ്റേഷനറി കൺട്രോളർ ഇൻ ചാർജ് അറിയിച്ചു.

സംസ്കൃത സർവ്വകലാശാലയിൽ ഓൺലൈൻ കോഴ്സുകൾക്ക് മാത്രമായി പ്രത്യേക പഠന കേന്ദ്രം

കാലടിയിൽ സ്പോർട്സ് ഹോസ്റ്റലും കലാഗ്രാമവും സ്ഥാപിക്കും

കൊച്ചി: ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ ഓൺലൈൻ കോഴ്സുകൾ ആരംഭിക്കും. ഇതിനായി കാലടി മുഖ്യക്യാമ്പസിൽ എസ്. എസ്. യു. എസ്. സെന്റർ ഫോർ ഓൺലൈൻ കോഴ്സസ് ആരംഭിക്കും. കഴിഞ്ഞ ദിവസം ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് യോഗത്തിൽ അവതരിപ്പിച്ച 2023-24സാമ്പത്തിക വർഷത്തെ ബജറ്റിലാണ് ഈ തീരുമാനം. ഫിനാൻസ് സ്ഥിരം സമിതി കൺവീനർ പ്രൊഫ. ഡി. സലിംകുമാർ ബജറ്റ് അവതരിപ്പിച്ചു. 140.94കോടി രൂപ വരവും 162.07കോടി രൂപ ചെലവുമുള്ള ബജറ്റിൽ അക്കാദമികവും വികസനോന്മുഖവുമായ നിരവധി പദ്ധതികളാണ് പ്രഖ്യാപിച്ചിരിക്കുന്നത്. മുപ്പതിലധികം ഓൺലൈൻ കോഴ്സുകളാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്. നിലവിൽ മോഹിനിയാട്ടത്തിൽ ഓൺലൈനായി സർട്ടിഫിക്കറ്റ് കോഴ്സ് നടത്തി വരുന്നു. വേദിക് ലിറ്ററേച്ചർ, സോഷ്യോളജി ഓഫ് ലാംഗ്വേജ്, സംഗീതവും മ്യൂസിക്കോളജിയും, ന്യായ ആൻഡ് ഇന്ത്യൻ ലീഗൽ സിസ്റ്റം, ഇന്ത്യൻ ലോജിക്, ഫിലോസഫി ഓഫ് സയൻസ്, ടെക്നോ ഫിലോസഫി, നാട്യശാസ്ത്ര, യോഗ ഫിലോസഫി, സാൻസ്ക്രിറ്റ് ഫോർ ആയുർവേദ സ്റ്റുഡന്റ്സ്, അദ്വൈത വേദാന്ത, മെഡിക്കൽ സോഷ്യൽ വർക്ക്, കമ്മ്യൂണിക്കേറ്റീവ് സാൻസ്ക്രിറ്റ്, സാൻസ്ക്രിറ്റ് ആൻഡ് കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്, സ്പോക്കൺ പാലി, വാസ്തുവിദ്യ, എൻഷ്യന്റ് ഇന്ത്യൻ സ്ക്രിപ്റ്റ്സ്, ബേസിക് പ്രിൻസിപ്പിൾസ് ഓഫ് വേദാന്ത എന്നിവയാണ് സർവ്വകലാശാല വിഭാവനം ചെയ്യുന്ന ഓൺലൈൻ കോഴ്സുകൾ. എസ്. എസ്. യു. എസ്. സെന്റർ ഫോർ ഓൺലൈൻ കോഴ്സസ് എന്ന് നാമകരണം ചെയ്തിരിക്കുന്ന ഈ പദ്ധതിക്ക് 90ലക്ഷം രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്.കാലടി മുഖ്യകേന്ദ്രത്തിൽ 8 കോടി രൂപയുടെ സ്പോർട്സ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. 100 വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന വിധമാണ് സ്പോർട്സ് ഹോസ്റ്റൽ നിർമ്മിക്കുക. കലാപ്രകടനകൾക്കും പ്രദർശനത്തിനുമായി സ്ഥിരം വേദി എന്ന നിലയിൽ സർവ്വകലാശാലയുടെ കാലടി മുഖ്യകേന്ദ്രത്തിൽ കലാഗ്രാമം ആരംഭിക്കുന്നതിന് പ്രാരംഭ നടപടികൾക്ക് തുക അനുവദിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കും പ്രവേശനം നൽകുന്ന വിധം വിഷ്വൽ ആർട്സ്, തിയറ്റർ, ഡാൻസ്, മ്യൂസിക് വിഭാഗങ്ങളെ സംയോജിപ്പിച്ച് ആരംഭിക്കുന്ന കലാഗ്രാമത്തിലൂടെ സർവ്വകലാശാല സാമ്പത്തിക വരുമാനവും ലക്ഷ്യമിടുന്നു.എസ്. എസ്. യു. എസ്. ഡിജിറ്റൽ ഹ്യുമാനിറ്റീസ് പ്രോജക്ട് (75ലക്ഷം രൂപ), സെന്റർ ഫോർ അക്കാദമിക് റൈറ്റിംഗ്(60ലക്ഷം രൂപ), എസ്. എസ്. യു. എസ് റെപ്പോസിറ്ററി ഓഫ് ഇൻടാഞ്ചിബിൾ ഹെറിട്ടേജ് (25ലക്ഷം രൂപ), സെന്റർ ഫോർ ന്യൂ ആർട്ടിസ്റ്റിക് എൻഡീവേഴ്സ് ആൻഡ് പ്രൊഡക്ഷൻസ് (20ലക്ഷം രൂപ), കേസരി എ. ബാലകൃഷ്ണപിള്ള അന്തർവൈജ്ഞാനിക പഠനകേന്ദ്രം(10ലക്ഷം രൂപ) എന്നിവയാണ് മറ്റ് പുതിയ പദ്ധതികൾ, സർവ്വകലാശാലയുടെ പ്രാദേശിക ക്യാമ്പസുകളെ കൂട്ടിയിണക്കിയുള്ള ഓൺലൈൻ കണക്ടിവിറ്റിയും ഐ. ടി. അധിഷ്ഠിതഅടിസ്ഥാന സൗകര്യവികസനത്തിനുമായി 80 ലക്ഷം രൂപയാണ് ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്.എസ്. എസ്. യു. എസ്. ഡിജിറ്റൽ ഹ്യുമാനിറ്റീസ് പ്രോജക്ട് സംസ്ഥാനത്ത് ഇദം പ്രഥമമാണ്. ഇൻസ്റ്റിറ്റ്യൂഷണൽ ഡെവലപ്മെന്റ് പ്ലാൻ പ്രകാരം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി ഡിജിറ്റൽ ടെക്നോളജി, സോഷ്യൽ സയൻസസ്, സംസ്കാരം എന്നിവ ചേർന്നതാണ്. ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠനകേന്ദ്രത്തിന്റെ പ്രവർത്തനകൾക്കായി 10 ലക്ഷം രൂപയാണ് ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.കൊയിലാണ്ടി പ്രാദേശിക ക്യാമ്പസിൽ മിനി ഓഡിറ്റോറിയവും ഗേൾസ് ഹോസ്റ്റലും, കാലടി ക്യാമ്പസിൽ കേന്ദ്രീകൃത ജലശുദ്ധീകരണ പദ്ധതി, സോളാർ പവർ പ്ലാന്റ്, സോഷ്യൽ സയൻസ് ബ്ലോക്കും റിസർച്ച് ലാബും. പരീക്ഷാഭവൻ, ഏറ്റുമാനൂർ പ്രാദേശിക ക്യാമ്പസിന് പേരൂരിൽ സ്പാ തെറാപ്പി കേന്ദ്രം, പന്മന പ്രാദേശിക ക്യാമ്പസിൽ വേദാന്ത ഗവേഷണ കേന്ദ്രവും ചട്ടമ്പി സ്വാമി ചെയറും, തിരുവനന്തപുരം പ്രാദേശിക ക്യാമ്പസിൽ പുതിയ അക്കാദമിക് സമുച്ചയം എന്നീ പദ്ധതികൾക്കും ബജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്.2023-24 സാമ്പത്തിക വർഷത്തേയ്ക്ക് പദ്ധതിയേതര ധനസഹായമായി 7390.90ലക്ഷം രൂപയും പദ്ധതി ധനസഹായമായി 2205ലക്ഷം രൂപയുമായണ് സർക്കാർ വകയിരുത്തിയിരിക്കുന്നത്. സർവ്വകലാശാലയുടെ 202324 സാമ്പത്തിക വർഷത്തെ ബജറ്റിൽ സർക്കാർ ധനസഹായം ഉൾപ്പെടെ 7813.24 ലക്ഷം രൂപ പദ്ധതിയേതരയിനത്തിലും 2951 ലക്ഷം രൂപ പദ്ധതിയിനത്തിലും വരുമാനം പ്രതീക്ഷിക്കുന്നു. പദ്ധതിയിനത്തിൽ 2957ലക്ഷം രൂപയുടെയും പദ്ധതിയേതരയിനത്തിൽ 9920.67ലക്ഷം രൂപയുടെയും ചെലവുകൾ പ്രതീക്ഷിക്കുന്നു. വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണൻ അധ്യക്ഷനായിരുന്നു.

SREE SANKARACHARYA UNIVERSITY OF SANSKRIT

സമഗ്ര കുട്ടനാട് കുടിവെള്ള പദ്ധതി; പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് വാട്ടർ അതോറിറ്റി എംഡി

ആലപ്പുഴ: സമഗ്ര കുട്ടനാട് കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി വാട്ടർ അതോറിറ്റി എം.ഡി. വെങ്കിടേശ പതി ശനിയാഴ്ച പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചു. തോമസ് കെ തോമസ് എംഎൽഎയുടെ ആവശ്യപ്രകാരമാണ് പുരോഗതി വിലയിരുത്തുന്നതിനായി എം.ഡി. എത്തിയത്. തുടർന്ന് എം എൽ എ യുടെ അധ്യക്ഷതയിൽ അവലോകന യോഗവും ചേർന്നു. കുടിവെള്ള പദ്ധതിയുടെ പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തികളുടെ ടെൻഡർ നടപടികൾ കഴിഞ്ഞദിവസം പൂർത്തിയായിട്ടുണ്ട്. തലവടി പഞ്ചായത്തിൽ നീരേറ്റുപുറത്താണ് പ്ലാൻറ്. 13 പഞ്ചായത്തിലും ഓവർഹെഡ് ടാങ്ക് നിർമ്മിച്ച് നീരേറ്റുപുറത്ത് ശുദ്ധീകരിക്കുന്ന ജലം ഓവർഹെഡ് ടാങ്കുകളിൽ എത്തിച്ച് 181 വാർഡുകളിലായി കുടിവെള്ളം വിതരണം ചെയ്യുന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആറ് ഘട്ടമായിട്ടാണ് പദ്ധതി പൂർത്തീകരിക്കുന്നത്. ഇതിൽ ആദ്യഘട്ടമാണ് പ്ലാന്റിന്റെ ശേഷി ഉയർത്തൽ. നിലവിൽ നീരേറ്റുപുറത്തുള്ള പ്ലാന്റിന്റെ 13 എം.എൽ.ഡി വെള്ളമാണ് ഉത്പാദിപ്പിക്കാൻ കഴിയുന്നത്. ഇത് 30 എംഎൽഡി ആക്കി ഉയർത്തുന്ന പ്രവർത്തികൾക്കാണ് ടെൻഡർ പൂർത്തിയാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ എണ്ണം കൂടിയതും വിതരണ വിസ്തൃതി വർധിച്ചതും മൂലമാണ് ശേഷി വർധിപ്പിക്കേണ്ട സാഹചര്യം ഉണ്ടായത്. ഓവർഹെഡ് ടാങ്കുകളുടെ നിർമ്മാണം, മെയിൻ ലൈൻ സ്ഥാപിക്കൽ , വിതരണ ശൃംഖലകളുടെ സ്ഥാപനം തുടങ്ങിയുള്ള നടപടികൾ പൂർത്തിയാകേണ്ടതുണ്ട്.ഓവർഹെഡ് ടാങ്കുകളുടെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടെന്ന് വാട്ടർ അതോറിട്ടി എം.ഡി. യോഗത്തിൽ പറഞ്ഞു. ഇനി ടെൻഡർ നടപടികളിലേക്ക് കടക്കുമെന്നും അറിയിച്ചു. പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തിയാണ് പ്രധാന ലൈൻ സ്ഥാപിക്കുന്ന പ്രവർത്തി നടന്നത്. പുനർ നിർമ്മാണ പ്രവർത്തനം നടക്കുന്ന എ.സി റോഡിലൂടെയുള്ള ലൈൻ സ്ഥാപിക്കുന്ന പ്രവർത്തിയും എം.ഡി യുടെ നേതൃത്വത്തിലുള്ള വാട്ടർ അതോറിറ്റി സംഘം വിലയിരുത്തി. ഇവിടുത്തെ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ചതായി എം.ഡി. പറഞ്ഞു.46.2 കിലോമീറ്റർ പ്രധാന പ്രസരണ ലൈൻ, 895 കിലോമീറ്റർ പ്രാദേശിക വികസന ശൃംഖല ഉൾപ്പെടെ ആകെ 209.54 കോടി രൂപയായിരുന്നു പദ്ധതിക്കായി 2019ൽ അനുവദിച്ചത്. പദ്ധതിച്ചെലവ് 387.91 കോടി രൂപയായി വർധിപ്പിച്ചിട്ടുണ്ട്. തോമസ് കെ തോമസ് എം.എൽ.എ, വാട്ടർ അതോരിറ്റി എം.ഡി. വെങ്കിടേശ പതി, സൂപ്രണ്ടിംഗ് എൻജിനീയർ കെ.സുധീപ് , കിഫ്ബി പ്രോജക്ട് യൂണിറ്റ് എക്സി. എൻജിനീയർ എബ്രഹാം , അസി. എക്സി.എൻജിനീയർ ഷിഹാബുദ്ദീൻ, അസി.എൻജിനീയർമാരായ അൽ ഷൈനി, അനീഷ് എം.എസ്., യു.എൽ.സി.സി.എസ്. പ്രോജക്ട് മാനേജർ ജയരാജൻ നമ്പ്യാർ, കെ.എസ്.ടി.പി. എക്സി.എൻജിനീയർ ബിജു കൃഷ്ണൻ തുടങ്ങിയുള്ള ഉദ്യോഗസ്ഥർ യോഗത്തിൽ സംബന്ധിച്ചു.

ഐ.എ.ജി.ഇ ദേശീയ സമ്മേളനം കൊച്ചിയിൽ ആരംഭിച്ചു

ENDO KOCHI 2023
ENDO KOCHI 2023
March 17-19, 2023 | Le Meridien, Kochi
Organised by : IAGE Kerala Chapter

കൊച്ചി: ഇന്ത്യൻ അസോസിയേഷൻ ഓഫ് ഗൈനക്കോളജിക്കൽ എൻഡോസ്കോപ്പിസ്റ്റുകളുടെ (ഐ.എ.ജി.ഇ) ദേശീയ സമ്മേളനം കൊച്ചി ലെ മെറിഡിയനിൽ ആരംഭിച്ചു. കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് . ദേവൻ രാമചന്ദ്രൻ സമ്മേളനം ഉദ്ഘാടനം ചെയ്തു.കീറിമുറിക്കലുകളില്ലാത്തതും വേദനാരഹിതവുമായ ശസ്ത്രക്രിയകളിൽ വരുന്ന ഓരോ നവീകരണവും രോഗിയും സമൂഹവും ഏറെ പ്രതീക്ഷയോടെയാണ് ഉറ്റുനോക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.ഇമേജിങ്ങ് ഉൾപ്പെട്ട കീ ഹോൾ ശസ്ത്രക്രിയാ രീതികൾ അധികം കാലപഴക്കമില്ലാത്ത വൈദ്യശാസ്ത്ര വിപ്ലവമാണ്. ഗൈനക്കോളജിയിൽ നിന്ന് ഈ സാങ്കേതിക വിദ്യകൾ മറ്റു ശസ്ത്രക്രിയാ ശാഖകൾ ഏറ്റെടുക്കാൻ വീണ്ടും സമയമെടുത്തു. ഹൃദ്രോഗ രംഗത്ത് കാത്ത് ലാബുകളുടെ രംഗപ്രവേശം ഇന്ന് അവിശ്വസനീയമായ നേട്ടം കൈവരിച്ചിട്ടുണ്ടെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു.ഗൈനക്കോളജിക്കൽ എൻഡോസ്കോപ്പിയിലെ ശാസ്ത്ര മുന്നേറ്റങ്ങളും നൂതന സാങ്കേതികവിദ്യകളും , ചികിത്സാ രീതികളുമാണ് മൂന്ന് ദിവസത്തെ സമ്മേളനം ചർച്ച ചെയ്യുന്നത്.ഈ മേഖലയിലെ ഏറ്റവും പുതിയ മെഡിക്കൽ ടെക്നോളജി, ചികിത്സാ രീതികൾ, ദേശീയ അന്തർദേശീയ വിദഗ്ധരുടെ സാങ്കേതികവുമായ വൈദഗ്ധ്യം എന്നിവ പങ്കിടുക, പൊതുജനാവബോധം സൃഷ്ടിക്കുക, എല്ലാവർക്കും മികച്ച ഗൈനക്കോളജിക്കൽ ചികിത്സയും പരിചരണവും ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സമ്മേളനം നടക്കുന്നതെന്ന് ഓർഗനൈസിംഗ് ചെയർമാനും കലൂർ പോൾസ് ഹോസ്പിറ്റലിലെ ചീഫ് ഗൈനക്കോളജിസ്റ്റുമായ ഡോ. പോൾ പി.ജി പറഞ്ഞു.ഐ.എ.ജി.ഇ പ്രസിഡന്റ് ഡോ. ഭാസ്കർ പാൽ, പ്രസിഡന്റ് ഇലക്ട് ഡോ. പണ്ഡിറ്റ് പാലസ്കർ, സെക്രട്ടറി ഡോ. അതുൽ ഗണത്ര, ഓർഗനൈസിംഗ് ചെയർ ഡോ. പോൾ പി.ജി, ഡോ. സുബാഷ് മല്യ, ഡോ. കല്യാണ് ബർമഡെ, ഡോ. സുധാ ടണ്ടൻ, ഡോ.സുജൽ മുൻഷി എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു.ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമുള്ള വിദഗ്ദ്ധർ നടത്തുന്ന സങ്കീർണ്ണമായ ശസ്ത്രക്രിയകൾ തത്സമയം സമ്മേളന വേദിയിലേക്ക് പ്രക്ഷേപണം ചെയ്യുന്ന ലൈവ് ഓപ്പറേറ്റീവ് വർക്ക് ഷോപ്പുകൾ ആദ്യ ദിവസം നടന്നു. റോം, സൂറിച്ച്, മുംബൈ, അഹമ്മദാബാദ്, ബാംഗ്ലൂർ, കൊച്ചി എന്നിവിടങ്ങളിൽ നിന്നാണ് തത്സമയ ശസ്ത്രക്രിയകൾ സംപ്രേക്ഷണം ചെയ്തത്.ഗൈനക്കോളജിക്കൽ എൻഡോസ്കോപ്പിക് സർജറിയുടെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന വിദഗ്ധരുടെ പ്രസംഗങ്ങൾ, പ്ലീനറി സെഷനുകൾ, പാനൽ ചർച്ചകൾ, സംവാദങ്ങൾ, പേപ്പർ അവതരണങ്ങൾ തുടങ്ങിയവ വിവിധ ശാസ്ത്ര സെഷനുകളിലായി നടക്കും.ഗർഭപാത്രത്തിന് പുറത്തുള്ള എൻഡോമെട്രിയൽ ടിഷ്യു വളർച്ച (എൻഡോമെട്രിയോസിസ്), എൻഡോസ്കോപ്പിക് ശസ്ത്രക്രിയ, നൂതന ലാപ് ഗൈന ഓങ്കോളജി, അണ്ഡാശയ മുഴകൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ; അഡെനോമിയോസിസ് ആന്തരിക എൻഡോമെട്രിയോസിസിനുള്ള റോബോട്ടിക് ശസ്ത്രക്രിയ, ഗർഭാശയത്തിലെ ഫൈബ്രോയിഡുകൾ നീക്കംചെയ്യുന്ന മയോമെക്ടമി, ഗർഭപാത്രം നീക്കംചെയ്യൽ അഥവാ ഹിസ്റ്ററെക്ടമി, വിവിധ ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയാ മാനേജ്മെന്റുകൾ എന്നിവയിൽ പ്രത്യേക സെഷനുകൾ നടക്കും.ഇരുപത് അന്താരാഷ്ട്ര ഫാക്കൽട്ടികളും, അമ്പതിലധികം ദേശീയ ഫാക്കൽട്ടികളുമടക്കം അഞ്ഞൂറിലധികം വിദഗ്ദർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

വിരമിക്കൽ ആസൂത്രണം;പഠന റിപ്പോർട്ട് പുറത്തുവിട്ടു

കോഴിക്കോട്: വിരമിക്കൽ കാലഘട്ടത്തെക്കുറിച്ചു പോസിറ്റീവ് മനോഭാവമുണ്ടെങ്കിലും പണപ്പെരുപ്പം തങ്ങളുടെ റിട്ടയർമെന്റ് സമ്പാദ്യത്തേയും അതുവഴി അവരുടെ ജീവിതശൈലിയേയും ബാധിക്കുമെന്ന് മൂന്നിൽ രണ്ടു പേർക്കും ആശങ്കയുണ്ടെന്ന് പഠന റിപ്പോർട്ട്. റിട്ടയർമെന്റ് ആസൂത്രണത്തെക്കുറിച്ചുള്ള ഇന്ത്യക്കാരുടെ മനോഭാവമെന്താണെന്നു മനസിലാക്കാൻ 'ഇന്ത്യ വിരമിക്കലിന് തയാറാണോ' എന്ന ശീർഷകത്തിൽ ഐസിഐസിഐ പ്രൂഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് നടത്തിയ പഠനത്തിലാണ് ഈ കണ്ടെത്തൽ. പങ്കെടുത്ത ഭൂരിപക്ഷവും വിരമിക്കലിനെ സാധ്യതകൾ നിറഞ്ഞ പുതിയ അവസരമായാണ് കാണുന്നത്. പുതിയ ജീവിതത്തിനു തുടക്കം കുറിക്കാനും ആഗ്രഹിക്കുന്ന രീതിയിൽ ജീവിക്കാനും കഴിയുന്ന സമയമായും വിരമിക്കലിനെ അവർ കാണുന്നുവെന്ന് പഠനം പറയുന്നു.

ICICI PRUDENTIAL
LIFE INSURANCE

പഠനത്തിൽ പങ്കെടുത്ത 83 ശതമാനം പേരുടേയും മുൻഗണന നിലവിലെ ജീവിതശൈലി തുടരുകയെന്നതാണ്. ജീവിതമാസ്വദിക്കുക, കൂട്ടുകാരുമായുള്ള ബന്ധം നിലനിർത്തുക, വിദേശയാത്രകൾ നടത്തുക, സാമ്പത്തിക സുരക്ഷിതത്വം അനുഭവിക്കുക, ജീവിതത്തിന്റെ പുതിയ അധ്യായത്തിൽ സമാധാനം ഉണ്ടാകുക തുടങ്ങിയവ അഞ്ചിൽ മൂന്നു പേരുടേയും റിട്ടയർമെന്റ് ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.റിട്ടയർമെന്റ് കാലഘട്ടത്തിൽ മാരകമായ അസുഖം പിടിപ്പെട്ടാൽ ചികിത്സക്ക് ആവശ്യമായ റിട്ടയർമെന്റ് നിധി ഉണ്ടായിരിക്കണമെന്ന് 67 ശതമാനം പേർ കരുതുന്നു. ഇപ്പോൾ വരുമാനത്തിന്റെ 11 ശതമാനം റിട്ടയർമെന്റ് ആവശ്യത്തിലേക്കു മാത്രമായി നിക്ഷേപം നടത്തുന്നവരാണ്. റിട്ടയർമെന്റ് സുഖകരമായി കൊണ്ടുപോകുവാൻ 65.4 ലക്ഷം രൂപയുടെ ശരാശരി സഞ്ചിത നിധി വേണമെന്ന് സർവേയിൽ പങ്കെടുത്തവർ കണക്കാക്കുന്നു.ഐസിഐസിഐ പ്രൂഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്, കാണ്ടം കൺസ്യൂമർ സൊലൂഷനുമായി സഹകരിച്ച് 1100 പേരുടെ ഇടയിലാണ് സർവേ നടത്തിയത്. ഇരുപതു ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങളിലെ 4575 വയസിനിടയിലുള്ളവരാണ് സർവേയിൽ പങ്കെടുത്തത്. ആയൂർദൈർഘ്യം വർധിക്കുന്ന സാഹചര്യത്തിൽ വലിയൊരു വിഭാഗം ആളുകൾ ദീർഘകാല വിരമിക്കൽ ആസൂത്രണമാണ് തേടുന്നതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് മാർക്കറ്റിംഗ് ഓഫീസർ മനീഷ് ദുബെ പറഞ്ഞു.

ഇൻഫോപാർക്കിൽ ഓഫീസ് തുറന്ന് എനർജിസ്കേപ്പ് റിന്യൂവബിൾസ് എൽഎൽപി

കൊച്ചി: സോളാർ ഡിസൈൻ ആൻഡ് എൻജിനീയറിങ് സ്ഥാപനമായ എനർജിസ്കേപ്പ് റിന്യൂബിൾസ് എൽഎൽപി കൊച്ചി ഇൻഫോപാർക്കിൽ ഓഫീസ് ആരംഭിച്ചു. കമ്പനി മാനേജിങ്ങ് ഡയറക്ടർമാരായ ഉണ്ണികൃഷ്ണൻ തഷ്ണാത്ത്, ദീപ ഉണ്ണികൃഷ്ണൻ, രാജേഷ് ഗോപാൽ, പ്രവീണ രാജേഷ്, ജനറൽ മാനേജർ രഞ്ജിത്ത് രവി എന്നിവർ ചേർന്ന് ഉദ്ഘാടനം നിർവഹിച്ചു.കമ്പനിയുടെ ഡൽഹി മുംബൈ തൃശ്ശൂർ എന്നിവിടങ്ങളിലെ പ്രവർത്തനങ്ങൾക്ക് പുറമെയാണ് കേരളത്തിന്റെ വ്യാപാര തലസ്ഥാനമായ കൊച്ചിയിലെ പുതിയ ഓഫീസ് സ്ഥാപിച്ചത്. എനർജിസ്കേപ്പ് റിന്യൂബിൾസ് വളർന്നുകൊണ്ടിരിക്കുന്ന സോളാർ വ്യവസായത്തിന്റെ ഒരു മുൻനിര സേവന ദാതാവായി മാറിയിരിക്കുകയാണ്. തങ്ങളുടെ സേവനങ്ങളെയും ഉൽപനങ്ങളെയും ഉപയോഗിച്ച് മേഖലയിൽ മികച്ച ബ്രാൻഡ് ആയി മാറുക എന്നതാണ് കമ്പനിയുടെ ലക്ഷ്യം.

സ്ത്രീകൾക്ക് നിക്ഷേപ ബോധവൽക്കരണവുമായി ഡിഎസ്പി മ്യൂച്വൽ ഫണ്ട്

DSP MUTUAL FUND

കൊച്ചി: നിക്ഷേപ അവസരങ്ങളേയും രീതികളേയും കുറിച്ച് സ്ത്രീകളെ ബോധവൽക്കരിക്കുന്നതിനും അവരെ പ്രോത്സാഹിപ്പിക്കുന്നതിനും ഡിഎസ്പി മ്യൂചൽ ഫണ്ട് പുതിയ ഹോട്ട്ലൈൻ അവതരിപ്പിച്ചു. 8657011333 എന്ന ടോൾ ഫ്രീ നമ്പറിലേക്ക് മിസ് കോൾ ചെയ്താൽ ഈ സേവനം ലഭിക്കും. മുചൽ ഫണ്ട് നിക്ഷേപങ്ങളെ കുറിച്ചും സാമ്പത്തിക ആസൂത്രണം എങ്ങനെ വേണമെന്നും അടക്കമുള്ള വിവരങ്ങളും ഈ സേവനം വഴി ലഭിക്കും. സ്വതന്ത്രരായി സാമ്പത്തിക തീരുമാനങ്ങളെടുക്കാൻ സ്ത്രീകളെ പ്രാപ്തരാക്കുക, സ്ത്രീകൾക്ക് സാമ്പത്തിക സമത്വത്തിലേക്കുള്ള വഴി എളുപ്പമാക്കുക എന്നിവയാണ് ഈ സേവനത്തിലൂടെ ലക്ഷ്യമിടുന്നത്.

ഇന്ത്യൻ ബാങ്കുമായി കൈകോർത്ത് ടൊയോട്ട കിർലോസ്കർ മോട്ടോർ

TOYOTA

തിരുവനന്തപുരം: ഉപഭോക്തക്കൾക്ക് ആകർഷകമായ വാഹന വായ്പ ഓപ്ഷനുകൾ ഉറപ്പക്കുന്നതിനായി ഇന്ത്യൻ ബാങ്കുമായി ധാരണപ്പത്രം ഒപ്പുവെച്ച് ടൊയോട്ട കിർലോസ്കർ മോട്ടോർ.ഉപഭോക്തക്കൾക്ക് ഇതിലൂടെ 90 ശതമാനം വരെ ഓൺ റോഡ് ഫണ്ടിംഗ് ലഭ്യമാകും. പ്രോസസ്സിംഗ് ഫീ, ഫോർക്ലോഷർ,പാർട്ട് പേയ്മെന്റ ചാർജുകൾ എന്നിവയും ഉപഭോക്തക്കളിൽ നിന്ന് ഈടാക്കുകയില്ല. ഈ പങ്കാളിത്തത്തിലൂടെ ഗ്രാമീണ, അർദ്ധ നഗര വിപണികളിലുള്ളവർക്ക് ടൊയൊട്ടയുടെ വാഹനങ്ങൾ എളുപ്പത്തിൽ വാങ്ങുവാനുള്ള ഫിനാൻസ് ഓപ്ഷനുകളും ലഭ്യമാണ്.പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുമപ്പുറം ഉപയോഗിച്ച കാറുകളും സർവീസ് പാക്കേജുകളും കവർ ചെയ്യുന്നതിനായുമെല്ലാം സ്കീമുകൾ ഉപഭോക്തക്കൾക്ക് ഉപയോഗപ്പെടുത്താം. രാജ്യത്താകമാനമുള്ള 567 ടികെഎം സെന്ററുകൾ വഴിയും ഇന്ത്യൻ ബാങ്കിന്റെ 5700ലധികം ബ്രാഞ്ചുകളിലൂടെയും ഈ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

വേമ്പനാട്ട് കായൽ പകുതിയോളം നികത്തപ്പെട്ടു; 60 ഇനം മത്സ്യങ്ങൾ അപ്രത്യക്ഷമായി

കൊച്ചി: വൻതോതിലുള്ള കയ്യേറ്റവും നശീകരണവും മൂലം വേമ്പനാട്ട് കായലിന്റെ ജലസംഭരണ ശേഷിയിൽ 120 വർഷം കൊണ്ട് 85.3 ശതമാനം കുറവ് ഉണ്ടായിട്ടുണ്ടെന്ന് കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല (കുഫോസ്) നടത്തിയ പഠനത്തിൽ കണ്ടെത്തി.1900 ൽ 2617.5 മില്യൻ ക്യൂബിക് മീറ്ററായിരുന്ന സംഭരണണ ശേഷി 2020 ൽ 387.87 മില്യൺ ക്യൂബിക് മീറ്ററായി കുറഞ്ഞു. കേരള സർക്കാറിന്റെ നിർദ്ദേശ പ്രകാരം കുഫോസിലെ സെന്റർ ഫോർ അക്വാറ്റിക് റിസോഴ്സസ് മാനേജ്മെന്റ് ആന്റ് കൺസർവേഷൻ അഞ്ച് വർഷം കൊണ്ട് പൂർത്തിയാക്കിയ പഠനത്തിലാണ് ഈ കണ്ടെത്തൽ. കഴിഞ്ഞ 120 വർഷത്തിനുള്ളിൽ 158.7 ചതുശ്രകിലോമീറ്റർ കായലാണ് നികത്തപ്പെട്ടത് (43.5 ശതമാനം കായൽ ഇല്ലാതായി). 1900 ൽ 365 ചതുശ്രകിലോമീറ്ററായിരുന്ന കായൽ വിസ്തൃതി 2020 ആയപ്പോഴേക്കും 206.30 ചതുശ്രകിലോമീറ്ററായി കുറഞ്ഞു. ഇതോടൊപ്പം മാലിന്യങ്ങൾ അടിഞ്ഞ് കായലിന്റെ ആഴത്തിൽ ഗണ്യമായ കുറവ് ഉണ്ടായതും സംഭരണ ശേഷി കുറയാൻ കാരണമായതായി പഠനത്തിന് നേതൃത്വം നൽകിയ ഡോ. വി.എൻ. സജ്ജീവൻ പറഞ്ഞു. കായലിൻറെ അടിത്തട്ടിലുള്ള മാലിന്യത്തിൽ 3005 ടൺ പ്ളാസ്റ്റിക് മാലിന്യങ്ങളാണ് തണ്ണീർമുക്കം ബണ്ടിന്റെ തെക്ക് ഭാഗത്ത് 1930 ൽ ശരാശരി 8 മീറ്റർ ആഴമുണ്ടായിരുന്നത് ഇപ്പോൾ 1.8 മീറ്ററായി കുറഞ്ഞു. തണ്ണീർമുക്കം ബണ്ടിന്റെ വടക്ക് ഭാഗത്ത് ശരാശരി ആഴം 8.5 മീറ്റർ ആയിരുന്നു. ഇപ്പോഴത് 2.87 മീറ്ററാണ് അര നൂറ്റാണ്ടിന് ഇടയിൽ വേമ്പനാട്ട് കായലിൽ നിന്ന് 60 ഇനം മത്സ്യങ്ങൾ അപ്രത്യക്ഷമായി എന്ന് റിപ്പോർട്ടിൽ പറയുന്നു. 1980 ൽ 150 സ്പീഷ്യസുകൾ റിപ്പോർട്ട് ചെയ്ത സ്ഥാനത്ത് ഇപ്പോൾ കായലിലുള്ളത് 90 മത്സ്യ സ്പീഷ്യസുകൾ മാത്രമാണ്.വേമ്പനാട്ട് കായലിൽ വന്ന് ചേരുന്ന മീനച്ചൽ, പമ്പ, അച്ചൻകോവിൽ നദീത്തടങ്ങളിലും കായലിൻറെ ഭാഗമായ കുട്ടനാടിലും പ്രളയം രൂക്ഷമാക്കിയത് കായലിൽ നിന്ന് വെള്ളം പുറത്തേക്ക് ഒഴുകി പോകേണ്ട ഔട്ടുലറ്റുകളും കനാലുകളും പ്രവർത്തനക്ഷമമല്ലാത്തതുകൊണ്ടാണ് എന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. അഴീക്കലിലും (കായംകുളം) അന്ധകാരനാഴിയിലുമായി (ആലപ്പുഴ) രണ്ട് മീഡീയം ഔട്ട്ലെറ്റുകളാണ് വേമ്പനാട്ട് കായലിന് അറബിക്കടിലേക്ക് ഉള്ളത്. രണ്ടും വർഷങ്ങളായി മണ്ണും മാലിന്യങ്ങളും മൂടിക്കിടക്കുകയാണ്. ദേശിയപാത 66 വന്നതോടെ പുറക്കാട് തടാകവും കടലുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടു.ദേശിയ പാതക്ക് അടിയിലൂടെ ഒരു ടണൽ സ്ഥാപിച്ച് തടാകത്തിന് കടലുമായുള്ള ബന്ധം പുനസ്ഥാപിക്കാമെന്ന് റിപ്പോർട്ട് നിർദ്ദേശിക്കുന്നു. ഇതടക്കം കായലിന്റെ ജീവനും ജൈവപരമായ പ്രത്യുൽപാദന ശേഷിയും വീണ്ടെടുക്കാൻ നിരവധി നിർദ്ദേശങ്ങളും റിപ്പോർട്ടിലുണ്ട്. തണ്ണീർമുക്കം ബണ്ടിൽ മേലുള്ള ആശ്രയത്വം പടിപിടിയായി കുറയ്ക്കാനും ദീർഘകാലടിസ്ഥാനത്തിൽ ബണ്ട് വർഷം മുഴുവൻ തുറക്കാനും റിപ്പോർട്ട് നിർദ്ദേശിക്കുന്നു. ഇങ്ങനെ ചെയ്യുന്നതിന് മുൻപ് കുടനാട് പാടശേഖരങ്ങളിലേക്ക് ഉപ്പ് വെള്ളം കയറാതെ തടയാനുള്ള ബദൽ നിർദ്ദേശങ്ങളും റിപ്പോർട്ടിലുണ്ട്.തണ്ണീർമുക്കത്ത് ഇന്ന് നടന്ന ചടങ്ങിൽ കുഫോസ് വൈസ് ചാൻസലർ ഡോ.എം.റോസലിന്റ് ജോർജ്ജ് പഠന റിപ്പോർട്ട് പ്രകാശനം ചെയ്തു. എ.എം.ആരിഫ് എം.പി, ജോൺസൺ സി മാത്യു (എൻവയർമെന്റൽ പ്രോഗ്രാം മാനേജർ, ഡയറക്ടറേറ്റ് ഓഫ് എൺവയർമെന്റ് ആന്റ് ക്ളൈമറ്റ് ചെയിഞ്ച്), വി.ജെറോഷ് കുമാർ (ചീഫ് ഹൈഡ്രോഗ്രാഫർ, സംസ്ഥാന ഹൈഡ്രോഗ്രാഫിക് സർവ്വേ വിങ്ങ്), കുഫോസ് ഗവേഷണ വിഭാഗം മേധാവി ഡോ.ദേവിക പിള്ള, ഡോ.ബിജോയ് നന്ദൻ (ഡീൻ, ഫാക്കൽറ്റി ഓഫ് മറൈൻ സയൻസ്, കുസാറ്റ്) , കുഫോസ് ഭരണ സമിതി അംഗം ശ്രീകുമാർ ഉണ്ണിത്താൻ തുടങ്ങിയവർ പ്രസംഗിച്ചു.

അൺലിമിറ്റഡ് 5ജി ഡാറ്റ പ്രാരംഭ ഓഫറുമായി എയർടെൽ

കൊച്ചി: ഉപഭോക്താക്കൾക്കായി എയർടെൽ പുതിയ അൺലിമിറ്റഡ് 5ജി ഡാറ്റ പ്രാരംഭ ഓഫർ പ്രഖ്യാപിച്ചു. നിലവിലുള്ള എല്ലാ പ്ലാനുകളിലേയും ഡാറ്റാ ഉപയോഗ പരിധിനീക്കി. ഇനി ഡാറ്റ തീരുമെന്ന ആശങ്കയില്ലാതെ ഉപയോക്താക്കൾക്ക് അതിവേഗ 5ജി പ്ലസ് സേവനങ്ങൾ ഉപയോഗിക്കാമെന്ന് ഭാരതിഎയർടെൽ കൺസ്യൂമർ ബിസിനസ് ഡയറക്ടർ ശാശ്വത് ശർമ പറഞ്ഞു.എല്ലാ പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കൾക്കും 239 രൂപയും അതിനു മുകളിലുമുള്ളഡാറ്റാ പ്ലാനുള്ള പ്രീപെയ്ഡ് ഉപഭോക്താക്കൾക്കും ഈ പ്രാരംഭ ഓഫർ ലഭിക്കും.ഇന്ത്യയിലുടനീളം 270 നഗരങ്ങളിൽ എയർടെൽ 5ജി പ്ലസ് സേവനമുണ്ട്. 5ജി നെറ്റ്‌വർക്ക് ലഭിക്കുന്നിടത്ത് 5ജി ഡിവൈസ് ഉപയോഗിക്കുന്ന ആർക്കും ഈ സേവനം ഉപയോഗിക്കാം. എയർടെൽ താങ്ക്സ് ആപ്പിൽ ലോഗ് ചെയ്ത്ഉപഭോക്താ ക്കൾക്ക് ഈ ഓഫർ സ്വന്തമാക്കാമെന്നും ശാശ്വത് ശർമ പറഞ്ഞു. എയർടെലിന്റെലോകോത്തര 5ജി പ്ലസ് ശക്തി ഉപഭോക്താക്കൾക്ക് ആസ്വദിക്കാമെന്നും ശാശ്വത് ശർമ പറഞ്ഞു.

സംസ്ഥാനത്തെ ആദ്യ സംരംഭ വികസന കേന്ദ്രം അങ്കമാലിയിൽ

കൊച്ചി: സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന പരിശീലന സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഒൺട്രപ്രണർഷിപ് ഡവലപ്മെന്റ്(കെഐഇഡി) സംസ്ഥാനത്തെ ആദ്യ സംരംഭ വികസന കേന്ദ്രം(ഇഡിസി) അങ്കമാലിയിൽ ആരംഭിക്കുന്നു. അങ്കമാലിയിലെ ഇൻകെൽ ടവറിൽ മാർച്ച് 21 ന് രാവിലെ 10 മണിക്ക് നടക്കുന്ന ചടങ്ങിൽ വ്യവസായ മന്ത്രി പി രാജീവ് കേന്ദ്രം ഉദ്ഘാടനം ചെയ്യും.നവീനമായ ആശയങ്ങളിൽ ഹ്രസ്വചെറുകിട സംരംഭങ്ങൾ തുടങ്ങുന്നവർക്കും നിലവിൽ നടത്തുന്നവർക്കും പ്രായോഗിക പരിഹാരങ്ങളും സഹായങ്ങളും ലഭ്യമാക്കാൻ ആവിഷ്കരിച്ചിട്ടുള്ള നൂതനമായ പദ്ധതിയാണ് സംരംഭ വികസന കേന്ദ്രം ഹ്രസ്വചെറുകിട സംരംഭക മേഖലയിലെ നൈപുണ്യം, സാങ്കേതികവിദ്യ ഗവേഷണം, വിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള ബന്ധം, വിദഗ്ധരുടെ സേവനം മുതലായ ഘടകങ്ങളെ ഒരു കുടക്കീഴിൽ സംരംഭകർക്കായി ലഭ്യമാകുക എന്ന ഉദ്ദേശത്തോടെയാണ് ഇത് പ്രവർത്തിക്കുന്നത്.സംരംഭകത്വ മേഖലയിലെ വിദഗ്ധർ, സംരംഭകർ, ഗവേഷണ സ്ഥാപന പ്രതിനിധികൾ, സർവകലാശാല വ്യവസായ മേഖലയിലെ പ്രതിനിധികൾ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കുന്ന പരിപാടിയിൽ ഹ്രസ്വചെറുകിട മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കും. കൂടാതെ വിവിധ കേന്ദ്ര സംസ്ഥാന ഗവേഷണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവയിലുള്ള സാങ്കേതികവിദ്യകൾ പരിചയപ്പെടാനുള്ള അവസരവുമുണ്ട്. സംരംഭകത്വ മേഖലയിലെ വിദഗ്ധരുമായി സംവദിക്കാനുള്ള സെഷനുകൾ, വിജയിച്ച സംരംഭകരുടെ പ്രഭാഷണം, കെഐഇഡിയുടെ വിവിധ പദ്ധതികളുടെ ഭാഗമായ സംരംഭകരുടെ ഉത്പന്ന പ്രദർശനവും ക്രമീകരിച്ചിട്ടുണ്ട്.

പാചകവാതക വിലവർദ്ധനവ് : ഇന്ന് ബി.എസ്.എൻ.എൽ മാർച്ച് നടത്തുമെന്ന് ഹോട്ടലുടമകൾ

കൊച്ചി: അന്യായമായി വർദ്ധിപ്പിച്ച പാചകവാതക വില കുറക്കണമെന്നാവശ്യപ്പെട്ട് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ എറണാകുളം ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ എറണാകുളം സൗത്തിലെ ബി.എസ്.എൻ.എൽ. ഭവനിലേക്ക് ഇന്ന് രാവിലെ 10ന് പ്രതിഷേധ മാർച്ചും ധർണ്ണയും നടത്തും. സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ ധർണ്ണ ഉദ്ഘാടനം ചെയ്യും. ഗ്യാസിന് 351 രൂപ വർദ്ധിപ്പിച്ചതിനുപുറമെ ഗ്യാസ് കമ്പനികൾ ഇൻസന്റീവ് നിർത്തലാക്കിയതിനാൽ ലഭിക്കുന്ന ഡിസ്കൗണ്ടും ഹോട്ടലുടമകൾക്ക് ലഭിക്കാതായി. ഫലത്തിൽ 600 രൂപയാണ് ഒറ്റയടിക്ക് ഗ്യാസിന് വില വർദ്ധിപ്പിച്ചത്. ഹോട്ടലുകളുടെ പ്രവർത്തനത്തെ തന്നെ സാരമായി ബാധിച്ചിരിക്കുന്ന ഗ്യാസ് വില വർദ്ധനവിനെതിരെ സംസ്ഥാന വ്യാപകമായി നടത്തുന്ന സമരപരമ്പരകളുടെ ഭാഗമായാണ് എറണാകുളത്ത് സമരം സംഘടിപ്പിച്ചിരിക്കുന്നതെന്ന് ജില്ലാ പ്രസിഡന്റ് ടി. ജെ. മനോഹരനും, ജില്ലാ സെക്രട്ടറി കെ. ടി. റഹീമും അറിയിച്ചു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !
SHOT AT OWN SITE
THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE &
SHOW ROOM-KERALA
DOOR No.41/1065,
RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663